S.H.LEAGUE

# എസ്. എച്ച്. ലീഗ്

പുസ്തകം 37

ലക്കം 9

സെപ്തംബർ

1966

Price Annas 2.



www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# നാടിന്റെ നെടുവീർപ്പുകൾ

ജെ. നെടുങ്കല്ലേൽ

(പേജ് 96 വില 8ണ പോസ്റ്റേജ് 1ണ 6പൈ)

എസ്. എച്ച്. ലീഗ്. ആലുവാ നോർത്ത്, P. O.

തോണിമുങ്ങിയില്ല, സന്റ്ക്ലാസ, രക്തസാക്ഷികൾ, ഞങ്ങളുടെ നേതാജി, കൊടിത്തോട്ടം, സ്മാരകത്തിന്റെ മുമ്പിൽ, അവൾ ഭാഗ്യവതിയാ, ആഗസ്റ്റ് പതിനഞ്ച് എന്നീ എട്ടു കഥകളുടെ സമാഹാരമാണ് ഈ പുസ്തകം. കഥ കേൾക്കുക എല്ലാവർക്കും ഇഷ്ടമാണ്. എങ്കിലും 'ചെറുകഥകൾ' എന്നു പറയുമ്പോൾ കുഞ്ഞുമക്കളുള്ള ചില കാരണവന്മാക്ക് ഒരു വെറുപ്പും ആശങ്കയും! കൊള്ളരുതാത്ത പുരോഗമനത്തിന്റെ കഥപ്പുസ്തകങ്ങളാണ് ഇതിനു കാരണം. ഈ നിലപാടിനൊരു വ്യതിയാനം വരുത്തി ചെറുകഥാപ്രസ്ഥാനത്തെ അതിന്റെ പരിപാവനതയിൽ പരിരക്ഷിക്കാൻ സന്മാർഗ്ഗബോധമുള്ള സാഹിത്യകാരന്മാർ മുന്നോട്ടു വന്നുകൊണ്ടിരിക്കുന്നതു തികച്ചും ആശ്വാസകരമാണ്. പ്രസ്തുതോദ്യമത്തിൽ ശ്രീ. ജെ. നെടുങ്കല്ലേൽ തന്റെഭാഗം വിജയപൂർവ്വം അഭിനയിച്ചുതുടങ്ങിയിരിക്കുന്നതിന്റെ പ്രത്യക്ഷലക്ഷണമാണ് 'നാടിന്റെ നെടുവീർപ്പുകൾ'.

പുതുമയേറിയ പ്രമേയം, വ്യക്തിത്വമുള്ള കഥാപാത്രങ്ങൾ, സുന്ദരമായ ചിത്രീകരണം ഇവ ഓരോ കഥയേയും ആകർഷിക്കുന്നു. തോണിമുങ്ങിയില്ല, രക്തസാക്ഷികൾ, ഞങ്ങളുടെ നേതാജി, സ്മാരകത്തിന്റെ മുമ്പിൽ, ആഗസ്റ്റു പതിനഞ്ച് ഈ കഥകളാണു എല്ലാംകൊണ്ടും മെച്ചപ്പെട്ടവ. കഷ്ടപ്പെടുന്ന ജനവിഭാഗത്തിന്റെ വികാരവിചാരങ്ങൾ ഹൃദയസ്പർശകമാംവിധം, വിവരിച്ചിരിക്കുന്നു. നല്ലനല്ല വർണ്ണനകൾ! ക്രിസ്തുമസ്സ് കേക്കുപോലുള്ള പദങ്ങൾ! എന്നാൽ മധുരപദങ്ങളുടെ ആ കിലുകിലുക്കം ചിലയിടത്ത് അല്പം ക

www.malankaralibrary.com

ടന്നു പോയിട്ടില്ലേ എന്നു ചോദിച്ചേക്കാം. പക്ഷേ ഓരോരു ത്തർക്കും ഓരോ ശൈലിയും രീതിയുമാണല്ലോ ഉള്ളത്. അ തനുസരിച്ച് എഴുതുകയാണ് യാത്ഥാർത്ഥതയ്ക്കു യോജിച്ച തും. ആത്മാത്ഥതയും സ്വാഭാവികതയുമാണ് ഒരു കഥാകൃ ത്തിന്റ് അവശ്യാവശ്യകവും.

ചെറുകഥാസരണിയിൽ നല്ലൊരു ഭാവിയുള്ള ശ്രീ നെ ടുങ്കല്ലേലിന്റെ തൂലിക തളരാതെ ചലിക്കട്ടെ. അതിൽനി ന്നു നാടിന്റെ നെടുവീർപ്പുകൾമാത്രമല്ലാ, നിശ്വാസനങ്ങളും ഗദ്ഗദങ്ങളും പിന്നെ പൊട്ടിച്ചിരികളും ഉയർന്നുയർന്നു വരട്ടെ!

---

## ☛ ശ്രദ്ധിക്കണേ ☚

എസ്. എച്ച്. ലീഗ്, കത്തോലിക്കാകുടുംബം എന്നീ മാസികകളുടെ വരിസംഖ്യ ഇനിയും തന്നു തീർക്കാത്ത സുഹൃ ത്തുക്കൾ കഴിയുന്നതുംവേഗം പണം അയച്ചുതരണമെന്നഭ്യ ത്ഥിക്കുന്നു. അല്ലാത്തപക്ഷം, അടുത്ത ജനുവരിമുതൽ മാസി ക തുടർന്നയക്കുവാൻ നിവ്വാഹമില്ലെന്നു ഖേദപൂർവ്വം അറിയി ച്ചുകൊള്ളുന്നു.

## കവർചിത്രം

വെരി റവ. വി. സി. ഗീവറുഗീസ്
കോറെപ്പിസ്കോപ്പാ B. A.

അലുവാ യാക്കോബായ സെമ്മിനാരിയിലെ പ്രൊഫ സർ, അവിടത്തെ മോസന ദൈവാലയത്തിലെ വികാ രി, ഒരു ധ്യാനഗുരു, മുപ്പതോളം ഗ്രന്ഥങ്ങളുടെ കർത്താവ് എന്നീ നിലകളിൽ പ്രസിദ്ധനായ ഇദ്ദേഹം കഴിഞ്ഞ ജൂൺ 18-ാംതീയതി കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടു.

---

www.malankaralibrary.com

# HAPPINESS FOR PRIESTS

By Rev. Fr. Celestine, O. C. D.,

St. Joseph's Press, Trivandrum. Price Re. 1/-.

This brief treatise on priesthood by Rev. Fr. Celestine, O. C. D., is most timely. It is true that India, fo-day, is in need of more priests and it is equally true that she needs more zealous priests. Our Holy Father Pius XII in his encyclical «Menti Nostrae» says that, the priesthood cannot in any way procure the full effects which are demanded by the needs of the present time unless the priests shine forth among the people with the marks of sanctity as worthy «ministers of Christ», faithful «dispensers of the mysteries of God» and ready for every noble work. The priests, therefore, must understand what they do, and imiate the things they deal with; They must inflame their hearts with a personal love for Jesus and consolidate their souls in priestly virtues. It is therefore, with this end in view Rev. Fr. Celestine gives these discourses on priesthood. Although the subject matter is very familiar, its brilliant exposition with examples and quotations can breathe into those themes and contribute to create among the clergy, both priests and seminarians, a new interest in their clerical life. We can assure that a careful reader can find something living in this book and it has a freshness and applicability to the spiritual problem that confront the minds of the priests.

www.malankaralibrary.com

# ആമുഖം

മതം പ്രധാനമായി ആത്മാവിന്റെ ശാന്തിക്കും സൌഭാഗ്യത്തിനും ഉള്ളതാണല്ലോ. അതു തെരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം ഓരോ വ്യക്തിയുടേയും മൌലികാവകാശമാണ്. ഈ അവകാശം വകവച്ചുകൊടുക്കുന്നതിനു സ്വാർത്ഥന്മാരും സ്ഥാപിത താൽപര്യമുള്ളവരും കൂട്ടാക്കാറില്ല. അവരുടെ ചിന്ത അവരവരുടെ മതംതന്നെ മറ്റെല്ലാവർക്കും നല്ലതാണെന്നാകുന്നു. ഒരുത്തനു കാപ്പിയും മറ്റൊരുവനു ചായയും ആണ് ഇഷ്ടം. കാപ്പിക്കാരൻ കാപ്പിയും ചായക്കാരൻ ചായയും കുടിക്കട്ടെ. ഓരോരുത്തൻ അതതിന്റെ ഗുണം പ്രസംഗിച്ചുകൊള്ളട്ടെ. മനുഷ്യർ തങ്ങളുടെ നന്മയ്ക്കുതകുന്നതു സ്വീകരിക്കട്ടെ. പിതാക്കന്മാർ ചിന്തിച്ചപോലെ മാത്രമേ മക്കളും ചിന്തിക്കാവൂ എന്നുള്ള തത്വമാണു ശരിയെങ്കിൽ ഇന്നു നാം പാറയേയും പവ്വതത്തേയും ആരാധിച്ചുകൊണ്ടിരിക്കുമായിരുന്നു. അന്ധവിശ്വാസങ്ങളാണു മതസ്വാതന്ത്ര്യം കൊടുക്കാത്തതിന്റെ കാരണം. ചിലർക്കു മതം ഒരു ബാഹ്യാഡംബരമാണ്. മറ്റു ചിലർക്ക് അതു് ആചാരവ്യത്യാസമാണ്. എന്നെസ്സംബന്ധിച്ചു മതം ജീവന്മരണപ്രശ്നമാണ്. വേറൊരാളുടെ ഇഷ്ടത്തിനുള്ളതാണോ മതവും ആത്മരക്ഷയും? മതത്തെപ്പറ്റി ഗൌരവമില്ലാത്തവർക്കു വല്ലതുമൊക്കെ പറയാം. യഥാർത്ഥമതം മനുഷ്യനെ ദൈവത്തോടു സംയോജിപ്പിക്കുന്ന കോവണിയാണ്.

എന്നെ പ്രത്യേകമായിസ്നേഹിക്കുകയും എന്റെ സഹപ്രവത്തകരായിരിക്കുകയും എന്നെ വിശ്വസിക്കുകയും ചെയ്തിരുന്ന എന്റെ ആത്മമിത്രങ്ങൾക്കു, ഞാൻ എന്തുകൊണ്ടു് കത്തോലിക്കാസഭയിൽചേർന്നു എന്നുള്ളതു ഗ്രഹിക്കുവാൻ പ്രയാസമായിരിക്കും. അവരോടുള്ള എന്റെ വിനീതമായ മറുപടിയാണ് ഈ പുസ്തകം. വാദപ്രതിവാദത്തിനായി ഇതെഴ

www.malankaralibrary.com

ത്തുന്നതല്ല. എന്റെ സമയം അതിനായി ചെലവിടുവാൻ ഞാൻ ഉദ്ദേശിക്കുന്നുമില്ല.

ഞാൻ അസ്ഥിരൻ എന്നു നിങ്ങൾ പറയുമായിരിക്കും. എന്നാൽ, ദൈവസേവനത്തിനു ഞാനിറങ്ങിയിട്ട് അതിൽ നിന്നു മാറിപ്പോയതായി നിങ്ങൾക്കു പറവാൻ സാധിക്കുകയില്ല. എവിടെ ഏതുവിധത്തിൽ ദൈവത്തെ സേവ ചെയ്താൽ ദൈവത്തിന് ഏററവും മഹത്വം വർദ്ധിക്കും എന്നുള്ള എന്റെ അന്വേഷണബുദ്ധിയാണു, നിങ്ങൾക്കു ഞാൻ അസ്ഥിരൻ എന്നു തോന്നുവാനിടയാക്കിയതു്. നോഹിന്റെ പെട്ടകം വളരെ കറങ്ങി അവസാനം അരാറാത്തു മലയിൽ ഉറച്ചു. പാറമേൽ അടിസ്ഥാനമിട്ടിരിക്കുന്ന സഭയിൽ എന്നെ ദൈവം ഉറപ്പിച്ചിരിക്കുന്നു. ഉറക്കേണ്ട സ്ഥാനത്തല്ലാതെ ഒരു ദൈവാന്വേഷകന് ഉറയ്ക്കുവാൻ സാദ്ധ്യമല്ല. ഒരു മണലാരണ്യത്തിൽ എന്നപോലെ ഞാൻ അലയുകയായിരുന്നു. ഇടക്കു മരുപ്പച്ചകൾ കണ്ടു വിശ്രമിക്കാറുമുണ്ടായിരുന്നു. ഇപ്പോൾ മനോഹരമായ ഒരു ഏദൻതോട്ടത്തിൽ ഞാനെത്തി.

(ഈ പുസ്തകത്തിൽ കത്തോലിക്ക് സഭ എന്നതിന് "ക. സ." എന്നും യാക്കോബായ സഭ എന്നതിന് "യാ. സ." എന്നും കത്തോലിസിസത്തിനു "കത്തോലിസം" എന്നും ചുരുക്കത്തിൽ എഴുതുന്നതാണ്) ഇതു യാക്കോബായസഭയിൽ എന്റെ ആത്മീയകൂട്ടായ്മയിൽ ഇരുന്നവരെ ഉദ്ദേശിച്ചെഴുതുന്ന പുസ്തകമെന്നല്ലാതെ ക. സ. യുടെ മുഴുവൻ തത്വങ്ങളെ വിശദീകരിച്ചെഴുതുന്ന ഒരു ഗ്രന്ഥമല്ല.

എന്ന് ഗ്രന്ഥകർത്താ.

www.malankaralibrary.com

# S. H. LEAGUE

പുസ്തകം 37 സെപ്തംബർ 1956 ലക്കം 9


# കത്തോലിക്കാസഭയിൽ ഞാൻ ചേർന്നതു് എന്തുകൊണ്ടു്?

**ക്രിസ്തുവിനെ സ്നേഹിക്കുന്നതിനാൽ തന്റെ ഏക ശരീരത്തിൽ അംഗമായിരിക്കണമെന്നുള്ളതുകൊണ്ടു്.**


വി. സി. ഗീവറുഗീസ് കോറെപ്പിസ്കോപ്പാ B. A.
ശാലേം മന്ദിരം, കിഴക്കമ്പലം P. O.


## ഒന്നാം അദ്ധ്യായം

## സങ്കടങ്ങളും പരിഹാരവും

**1944**-ാമാണ്ടു മുതൽ, ബൈബിളിന് ഒരു വ്യാഖ്യാനം എഴുതണമെന്നുള്ള ആഗ്രഹം എന്റെ ഉള്ളിൽ ഉദിച്ചു. യാം. സ. കത്തോലിസത്തിന്റേയും പ്രോട്ടസ്റ്റാൻറിസത്തിന്റേയും മദ്ധ്യേ, രണ്ടിനും ഉള്ള ദോഷങ്ങൾ കൂടാതെ, രണ്ടിന്റേയും നന്മകൾചേർന്ന ഒരു നല്ല രീതിയാണെന്നാണു ഞാൻ തെററിദ്ധരിച്ചിരുന്നതു്. അതിനാൽ, എന്നാൽ കഴിയുന്ന എളിയ സേവനം അതിനു കൊടുത്താൽ ഞാൻ ഒരു വലിയ ശുശ്രൂഷയാണു ദൈവത്തിനു ചെയ്യുന്നതെന്നു കരുതി. സഭ രണ്ടു കക്ഷികളായിപ്പിരിഞ്ഞതു് എന്നെ അലട്ടിയെങ്കിലും പാത്രിയർക്കീസുഭാഗത്തോടു് അനുകൂലിക്കയാണു ശരിയായ കാതലിക്കരീതി എന്നു് വിചാരിച്ചിരുന്നു. പ്രസംഗവേല, ലഘുപുസ്തകരചന, ധ്യാനയോഗങ്ങൾ, ബൈബിൾക്ലാസ്സുകൾ എന്നിവമൂലം യാക്കോബായസഭയെ ഞാൻ സേവിച്ചിരുന്നു. അറുപതാമത്തെ വയസ്സുമുതൽ വേദപുസ്തകവ്യാഖ്യാനമെഴുതി പ്രസിദ്ധീകരിക്കുവാൻ സകല ഒരുക്കവും ചെയ്തു. ക

www.malankaralibrary.com

ത്തോലിസത്തിന്റേയും പ്രോട്ടസ്റ്റാന്റിസത്തിന്റേയും വല്ല ദോഷങ്ങളുണ്ടെങ്കിൽ അവ മാററി അവയുടെ നന്മകൾ ചേൎത്തു് ഒരു വ്യാഖ്യാനം എഴുതുവാനാണു പ്ളാൻ ചെയ്തതു്. ഇതു് അന്ത്യോഖ്യാപ്രതിനിധി അറിഞ്ഞു് ഒരു നിരോധന കല്പന തന്നു. അതിലെ നിരോധനവാചകം താഴെ ചേൎക്കുന്നു.

«While we condsider your labour, we advise you to stop publishing such a book until it is reviewed and approved of by the head of the Church.» (അടുത്ത ഖണ്ഡികയുടെ ആരംഭത്തിൽ ഇതിന്റെ സാരം മലയാളത്തിൽ ചേൎത്തിട്ടുണ്ടു്)

ഇതിൽ പറഞ്ഞിരിക്കുന്ന (head of the Church) സഭാതലവൻ ആരാണെന്നു വെരി റവ. മോസസ്സലാ റമ്പാൻ അവർകളോടു് (അന്ത്യോഖ്യാ പ്രതിനിധിയുടെകൂടെ താമസിക്കുന്ന ശീമക്കാരൻ റമ്പാൻ) എഴുതിച്ചോദിച്ചു. ഞങ്ങൾ തമ്മിൽ കുമരകത്തുവച്ചു കണ്ടപ്പോൾ പറഞ്ഞതു്, "മലങ്കരയിലെ എപ്പിസ്ക്കോപ്പൽ സിന്നഡ് അംഗീകരിച്ചശേഷം അന്ത്യോഖ്യാ പാത്രിയർക്കീസ് അംഗീകരിക്കണം" എന്നാണു പ്രതിനിധിബാവാ ഉദ്ദേശിച്ചതെന്നത്രേ. ഈ കല്പനയുടെ വാചകം പ്രതിനിധിബാവാ പറഞ്ഞിട്ടു് ഈ റമ്പാച്ചൻ തന്നെ ഇംഗ്ലീഷിൽ എഴുതിയതാണെന്നും ഒരെഴുത്തിൽ എന്നെ അദ്ദേഹം അറിയിച്ചിരുന്നു.

മേൽപറഞ്ഞ ഇംഗ്ലീഷ് വാചകത്തിലെ ആശയം പറയാം. "സഭാതലവന്റെ പരിശോധനയും അനുവാദവും കഴിഞ്ഞിട്ടേ വേദവ്യാഖ്യാനം പ്രസിദ്ധീകരിക്കുവാൻ പാടുള്ളു." പാത്രിയൎക്കീസ്ബാവായ്ക്കു മലയാളം അറിഞ്ഞുകൂടാത്തതിനാൽ ഈ കല്പന എന്റെ പ്രവൎത്തനത്തെ അസാദ്ധ്യമാക്കിത്തീൎത്തു എന്നു് എനിക്കു മനസ്സിലായി. യാ. സ. യിലെ വിശ്വാസസത്യങ്ങൾക്കു കോട്ടംവരുത്താതെ ഞാൻ വേദവ്യാഖ്യാനം എഴുതുമെന്ന വിശ്വാസത്താൽ നാട്ടുകാരായ നാലു മെത്രാപ്പോലീത്തന്മാർ എന്റെ പരിശ്രമത്തെ സഹായിച്ചുകൊണ്ടിരുന്നതാണു്.

www.malankaralibrary.com

പിന്നീടു പ്രതിനിധിബാവായും ഞാനും കമരകത്തുവച്ച കണ്ടുമുട്ടിയപ്പോഠം ഞാൻ ഉദ്ദേശിച്ചതിൽനിന്ന വ്യത്യാസമായവിധത്തിൽ വേദവ്യാഖ്യാനം (രണ്ടുമൂന്നു് അദ്ധ്യായങ്ങളുടെ) എഴുതി അദ്ദേഹത്തെ കാണിച്ചാൽ, അദ്ദേഹം അതെപ്പററി അഭിപ്രായം പറയാമെന്നു്, എനിക്കുവേണ്ടി മാർ പീലക്സിനോസ് മെത്രാപ്പോലീത്താ ശുപാർശ ചെയ്തപ്പോഠം, കല്പിക്കുകയുണ്ടായി. ബാവാ പറഞ്ഞ രീതിയിലുള്ള വ്യാഖ്യാനം എഴുതുന്നതിനും അതു ബാവായെ കാണിക്കുവാൻ പോകുന്നതിനും എനിക്കു് ഒരു ദൈവനടത്തിപ്പും മനസ്സിൽ ഉണ്ടായില്ല.

നേരേമറിച്ചു്, സഭാതലവന്റെ അനുവാദം വേണം എന്നുള്ള ബാവായുടെ കല്പന എന്നെ മററൊരുചിന്തയിലേക്കു നയിച്ചു.

<u>യഥാൎത്ഥസഭ ഏതു്?</u> സഭയുടെ <u>യഥാൎത്ഥതലവൻ ഏതു്?</u> ഈ രണ്ടുചോദ്യങ്ങളുടെ ഉത്തരം കണ്ടുപിടിപ്പാൻ ശക്തിയായ ഭേമം എന്റെ ഉള്ളിൽ ഉണ്ടായി. എനിക്കു് ആ ഭേമത്തെ അമൎത്തുക അസാദ്ധ്യമായിരുന്നു. എന്റെ വാൎദ്ധക്യത്തിൽ ക്രിസ്തുവിനോടുള്ള വിശ്വാസത്തിലും സ്നേഹത്തിലും നിന്നുകൊണ്ടു മനുഷ്യർ ക്രിസ്തുവിനെ സ്നേഹിക്കുന്നതിനുള്ള ശുശ്രൂഷചെയ്തു്, സ്വൈരമായ ജീവിതംകഴിപ്പാൻ പ്രോത്സാഹിപ്പിക്കുന്ന സഭയും സഭാതലവനും എവിടെ എന്നാണു് അന്വേഷിച്ചതു്.

കത്തോലിസം, പ്രോട്ടസ്റ്റൻറുസഭകഠം, യാ. സ. ഇങ്ങനെ മൂന്നു തരംതിരിവു് എന്റെ മനസ്സിലുണ്ടായി. യാക്കോബായസഭയിലെ ഓർത്തഡോക്സ് പാർട്ടിത്തലവനായ കാതോലിക്കോസ്, പണ്ടേതന്നെ എന്നെ പ്രോട്ടസ്റ്റൻറുകാരനായി മുദ്രയടിച്ചിരുന്നതുകൊണ്ടു് അതിലേക്കു് ഒട്ടുംതന്നെ എനിക്കു് ആകർഷണമുണ്ടായില്ല. അതിലേക്കു് എന്നെ ചേർക്കുവാൻ ഞാൻ വളരെ സ്നേഹിക്കുന്ന പത്രോസ് മാർ ഒസ്താ

www.malankaralibrary.com

ത്ത്യാസ് തിരുമേനി ഇതിനിടയിൽ ശ്രമിച്ചു. എന്നാൽ, അതു ശരിയായ സമയമാണെന്നു് എനിക്കു് ഉറപ്പു ലഭിച്ചില്ല. കത്തോലിക്കാപ്പുസ്തകങ്ങൾ എൻെറ ഇരുപതു വയസ്സുമുതൽ ഞാൻ ധാരാളം വായിച്ചിരുന്നതുകൊണ്ടും പ്രോട്ടസ്റ്റൻറുപുസ്തകങ്ങളും ധാരാളം പഠിച്ചിരുന്നതുകൊണ്ടും യാ. സ. യിൽ ഞാൻ 60 കൊല്ലം ജീവിച്ചതുകൊണ്ടും ഇവയെ താരതമ്യം ചെയ്തു് ഒരു തീരുമാനത്തിൽ എത്തുവാൻ 45 ദിവസത്തിൽ കൂടുതൽ വേണ്ടിവന്നില്ല. യൗസേപ്പിനെ കാരാഗൃഹത്തിലിട്ടതാണു് അവനു് ഉയർച്ചയ്ക്കു് ദൈവം സന്ദർഭമാക്കിയതു്. എൻെറ വ്യാഖ്യാനമെഴുതുന്നതിനു പ്രതിനിധിബാവാ ഉണ്ടാക്കിയ പ്രതിബന്ധമല്ല, ഈ പരിവർത്തനത്തിൻെറ കാരണം. അതു സത്യസഭയെ കണ്ടുപിടിക്കുവാൻ ഒരവസരം ഉണ്ടാക്കിയെന്നേയുള്ളു. ഞാനിത്ര ശ്രമകരമായ ഒരു അദ്ധ്വാനം ചെയ്യുവാൻ ഒരുങ്ങിയപ്പോൾ ദൈവത്തിനു് എൻെറമേൽ തോന്നിയ കരുണമൂലം തൻെറ ഏകസഭയിൽവന്നു നേരായമാർഗ്ഗത്തിൽ പുതിയനിയമത്തിനു ധ്യാനവ്യാഖ്യാനം എഴുതുവാൻ ശ്രമിക്കുന്നതിനു് എന്നെ വഴിനടത്തുകയാണുണ്ടായതു്.

ഇന്നത്തെ ലോകത്തിലെ വലിയ വിപത്തു ഭൗതികവാദവും നാസ്തികത്വവും ആണെന്നാണു് എനിക്കു തോന്നാറുള്ളതു്. അവയ്ക്കെതിരായി ഒരു സാക്ഷീകരണജീവിതം നടത്തുവാൻ, ഭിന്നിച്ചുതകരുന്ന ഒരു ക്രിസ്തീയവകുപ്പിനു സാധിക്കുമെന്നു് എനിക്കാശയില്ലാതായി. ക. സ. യിലെ വിശുദ്ധന്മാരുടെ ജീവചരിത്രം എന്നെ അത്യധികം ആകർഷിച്ചു. ഈ നൂററാണ്ടിലും അതിൽ വിശുദ്ധന്മാർ ഉണ്ടായിക്കൊണ്ടിരിക്കുന്നതു് എൻെറ കണ്ണു തുറപ്പിച്ചു. ക. സ. യിലെ തത്വങ്ങളെക്കാൾ അതിലെ വിശുദ്ധന്മാരുടെ സംസർഗ്ഗമാണു് എന്നെ വശീകരിച്ചതു്. അതോടുകൂടി ഞാൻ ക. സ. യെപ്പററി തെററിദ്ധരിച്ചിരുന്ന അനേകം സംഗതികൾ വെളി

www.malankaralibrary.com

നുസരണമായും യുക്ത്യനുസരണമായും എനിക്കു മനസ്സിലാക്കുവാൻ സാധിച്ചില്ലായിരുന്നെങ്കിൽ ക. സ. യെ ആശ്ലേഷിപ്പാൻ കഴിവുണ്ടാകയില്ലായിരുന്നു. ദൈവരാജ്യത്തിനുവേണ്ടിയുള്ള സേവനം എത്രയും വളർത്തുവാനും മനസ്സുണ്ടെങ്കിൽ ക്രിസ്തീയ പൂർണ്ണതയിൽ എത്തുവാനും ക. സ. യിലുള്ള സാഹചര്യങ്ങൾ വളരെ അധികമാണെന്നു ഞാൻ കണ്ടു. അതിലും കളകൾ ഉണ്ട്; ശരിതന്നെ. കളകൾ എന്നു പറഞ്ഞതു അയോഗ്യജീവിതം കഴിക്കുന്നവരെ ഉദ്ദേശിച്ചാണ്. സ്വർഗ്ഗരാജ്യത്തെക്കുറിച്ചുള്ള കർത്താവിന്റെ ഉപമകളിൽ അക്കാര്യം പറഞ്ഞിട്ടുള്ളതാണല്ലോ. അതിനാൽ, കളകളെക്കുറിച്ചു എനിക്ക് ആകുലപ്പെടുവാനില്ല.

തന്റെ അധികാരപരിധിയിൽ ഉൾപ്പെടുന്ന കാര്യങ്ങളെക്കുറിച്ച്, സഭ പഠിപ്പിക്കുന്നതിനും നിർബന്ധിക്കുന്നതിനും എതിരല്ലാത്തവ, ചിന്തിക്കുവാനും സംസാരിക്കുവാനും പ്രവർത്തിപ്പാനും സഭാംഗങ്ങൾക്കു സ്വാതന്ത്ര്യം ഉണ്ട്. പുതിയ നിയമത്തിന് ഒരു വ്യാഖ്യാനം എഴുതി പ്രസിദ്ധീകരിപ്പാൻ സാധിക്കുമോ എന്നു ഞാൻ ആരാഞ്ഞപ്പോൾ ക. സ. ലെ ഒരു മേൽപ്പട്ടക്കാരൻ എത്രയും സന്തോഷമായി അക്കാര്യം സ്വാഗതം ചെയ്തു. യാ. സ. യിൽ വച്ചു മുറിപ്പെട്ട എന്റെ ഹൃദയത്തിനു ക. സ. എണ്ണയും വീഞ്ഞുംകൊണ്ടു ധാരകോരുന്ന ഒരനുഭവമായി എനിക്കു തോന്നി.

ക. സ. യിൽ ഓരോ വിഷയത്തെപ്പററിയും സഭയുടെ നില വ്യക്തമാക്കി എഴുതിയിരിക്കുന്ന പുസ്തകങ്ങൾ സുലഭമാണെന്നുള്ളതും അതിലെ വിശേഷമായി ഞാൻ കണ്ടു. യാ. സ. യിൽ സുറിയാനിയിൽ വളരെ വേദശാസ്ത്രം ഉണ്ടെന്നു പറയപ്പെടുന്നു. ഭൂമിയുടെ അടിയിൽ നിധിയുള്ളതിനാൽ നിങ്ങൾ ദരിദ്രരല്ല എന്നു ഭിക്ഷക്കാരോടു പറയുന്ന ഫലമേ അതുകൊണ്ടു സാധാരണജനത്തിന് ഉണ്ടാകുന്നുള്ളു. ആരെങ്കി

www.malankaralibrary.com

ലും അന്വേഷിച്ചാൽ ക. സ. യുടെ പഠിപ്പിക്കൽ വ്യക്തമായി എഴുതിയിരിക്കുന്ന ഗ്രന്ഥങ്ങൾ സുലഭമാണു്.

ക. സ. യ്ക്കുപുറമേ സ്വന്തം കുററത്താലല്ലാതെ നില്ക്കുകയും എന്നാൽ മന:സാക്ഷിക്കു ലഭിക്കുന്ന സത്യപ്രകാശം അനുസരിച്ചു ജീവിക്കുകയും ചെയ്യുന്നവർ, ദൈവത്തിൻെറ പൊതുകൃപയാൽ സഭയുടെ ആത്മാവിൽ അംഗങ്ങളാണെന്നുള്ള അതിലേ ഉപദേശം അതിമനോഹരമായി എനിക്കു തോന്നി. എന്നാൽ, അങ്ങനെയുള്ളവർ ക. സ. യുടെ ശരീരത്തിലും അംഗങ്ങളായിരുന്നെങ്കിൽ എത്ര അധികം പ്രകാശിച്ചേനേ എന്നെനിക്കു തോന്നുന്നു.

ദിവസേന കുർബ്ബാന യാ. സ. യിൽ ഇല്ലല്ലോ എന്നു ഞാൻ കുണ്ഠിതപ്പെട്ടിട്ടുണ്ടു്. ക. സ. യിൽ ആ പശ്ചാത്താപത്തിനു പരിഹാരം കണ്ടു. ലോകത്തിൻെറ വിവിധഭാഗങ്ങളിലായി ദിവസം 24 മണിക്കൂറും ക. സ. യിൽ വി. കുർബ്ബാന അർപ്പിച്ചുകൊണ്ടാണിരിക്കുന്നതു്. കുർബ്ബാനയുടെ മുമ്പാകെ വെള്ളിയാഴ്ച നടത്തുന്ന ഒരു ആരാധനയിൽ ഞാൻ സംബന്ധിച്ചപ്പോൾ അതിൻെറ അടുത്തപടി സ്വർഗ്ഗംതന്നെയെന്നു് എനിക്കു തോന്നിപ്പോയി.

വ്യവഹാരങ്ങൾകൊണ്ടും വഴക്കുകൾകൊണ്ടും അനാവശ്യമായ നിർബന്ധംകൊണ്ടും ശുഷ്കിച്ചിരിക്കുന്ന യാ. സ. യിലേ അംഗമെന്നു വിചാരിക്കുന്നതിനെക്കാൾ ലോകത്തിലേ സർവ്വഭൂഖണ്ഡങ്ങളിലും അനേകം സേവനങ്ങൾ ഏകയിടയൻെറ കീഴിൽ മാന്യമായി നടത്തുന്ന ക. സ. യുടെ അംഗം എന്നു ചിന്തിക്കുന്നതു് എന്നെ സംബന്ധിച്ചു ക്രിസ്തീയജീവിതത്തിനു മനോധൈര്യം വർദ്ധിപ്പിക്കുന്നു.

കത്തോലിക്കാവിശുദ്ധന്മാരുടെ ചില പുസ്തകങ്ങൾ ഞാൻ വായിച്ചവ എത്രമാത്രം ക്രിസ്തീയമാധുര്യം തുളുമ്പുന്നവയാണു്. ക്രിസ്ത്വാനുകരണം, സെൻറ് ഫ്രാൻസിസ് ഡെ സാലസിൻെറ ഗ്രന്ഥങ്ങൾ, സെൻറ് അൽഫോൻസസ്

www.malankaralibrary.com

റോഡ്റിഗസിൻെറ പുസ്തകങ്ങൾ, സ്കാറമല്ലിയുടെ Guide to Spiritual Life 4 വാല്യങ്ങൾ, വി. വലിയത്രേസ്യായുടെ ജീവചരിത്രം എന്ന പുസ്തകം, വി. കൊച്ചുത്രേസ്യായുടെ ആത്മകഥാകഥനം (നവമാലിക), സെൻറ് ഇഗ്നേഷ്യസ് ലെയോളായുടെ Sipritual Exercises, സെൻറ് ഫ്രാൻസിസ് അസ്സീസിയുടെ ജീവചരിത്രം, സെൻറ് ജോൺ ഓഫ് മിക്രോസിൻെറ വിവിധ പുസ്തകങ്ങൾ, എല്ലാം വളരെ മനോഹരമായി എനിക്കു തോന്നി. സെൻറ് അഗസ്റ്റിൻേറയും. സെൻറ് തോമസ് അകചിനാസിൻേറയും, കാർഡിനൽ ന്യൂമാൻേറയും പുസ്തകങ്ങൾ എത്ര വിജ്ഞാനപ്രദങ്ങളാണ്! സഭയുടെ മൂലതത്വങ്ങൾക്ക് എതിരല്ലാത്ത നവീനാശയങ്ങൾക്കൊന്നിനും ക. സ. യിൽ സ്ഥാനമില്ലെന്നു പറയുന്നതു തെററിദ്ധാരണയാണെന്നു ഞാൻ ഗ്രഹിച്ചു. അങ്ങനെ പറയുന്നതു ശരിയാണെങ്കിൽ മേൽപ്പറഞ്ഞവരുടെ പുസ്തകങ്ങൾ ഉണ്ടാകുവാൻ തന്നെ സാദ്ധ്യമാകയില്ലായിരുന്നു.

വേദപുസ്തകം വായിക്കുവാൻ ക. സ. അനുവദിക്കുകയില്ലെന്നു പ്രചുരമായ ഒരു തെററിദ്ധാരണയുണ്ടു്. ക. സ. യിൽനിന്നു പ്രസിദ്ധീകരിക്കുന്ന വേദപുസ്തകം ദിവസം 15 മിനിററു വായിക്കുന്ന സത്യവിശ്വാസികൾക്കു "ബന്ധവിമോചനം" ഉണ്ടെന്നാണ് ആ സഭ പഠിപ്പിക്കുന്നതു്. പാപമോചനാനന്തരം ശേഷിക്കുന്ന കാലത്തിനടുത്ത ശിക്ഷയുടെ മോചനമാണ് ഈ ബന്ധവിമോചനം (Indulgence). അങ്ങനെ വേദപുസ്തകം വായിക്കുവാൻ പ്രതിബന്ധമല്ല പ്രേരണയാണു ക. സ. നല്കുന്നതു്.

മുടിയൻ പുത്രൻ ഒരു പൗരൻെറ വേലയിൽനിന്ന് അപ്പൻെറ ഭവനത്തിൽ എത്തിയപ്പോൾ ഉണ്ടായ ആനന്ദംപോലെ ഒരു സൗഭാഗ്യസ്ഥാനത്തു ഞാൻ വന്നെത്തിയെന്നൊരു ആശ്വാസം തോന്നു.

ഒരു കിണററിൽ ചെളിയും കരിയിലയും കാണുന്ന

www.malankaralibrary.com

തുപോലെ സഭയിലും പല അഭക്തന്മാരെ കണ്ടിട്ടു് ആ സഭ മുഴുവനും ചെളിയും വിഷവുമാണെന്നു് അപലപിക്കുന്നതു മാത്രത്തെ മറച്ചുകളയുകയാണു്. അതിലെ വിശുദ്ധന്മാരും ദൈവം അതിനെ വളർത്തിയവിധവും നമ്മുടെ നേരെയുള്ള വെല്ലുവിളിയാണു്. ക. സ. യെ എതിർക്കുന്നസഭകൾ അധഃപതിക്കുകയും അതു വളരുകയും ചെയ്യുന്നകാഴ്ച, 'പാതാളവാതിലുകൾ അതിനോടു ബലം ചെയ്കയില്ലെ'ന്നുള്ള വാക്യംനമ്മെ അനുസ്മരിപ്പിക്കുകയല്ലേ?

ക. സ. യുടെ ഭരണത്തിന്റേയും പഠനത്തിന്റേയും ഏകീകരണം ശക്തിയായി വളർന്നതു, പത്രോസിന്റെ പരമാധികാരം വേണ്ടപോലെ ഗ്രഹിച്ചതും പത്രോസിന്റെ പിൻഗാമികളായ റോമാമേൽപ്പട്ടക്കാർക്കു് ആ പരമാധികാരം ഉണ്ടെന്നു വിശ്വസിച്ചതും കൊണ്ടാണു്. എന്റെ ചെറുപ്പത്തിൽ മലങ്കരസഭാസെക്രട്ടറി ഇടവഴിക്കൽ മി. ഇ. എം. ഫിലിപ്പിന്റെ "സ്വാധിപത്യകാരണ"ത്തിൽ പത്രോസിന്റെ പരമാധികാരം നിഷേധിച്ചു പഠിപ്പിച്ചു. ഇപ്പോൾ അന്ത്യോഖ്യാപ്രതിനിധിയോടുകൂടെ താമസിക്കുന്ന ബ: കുറിയാക്കോസ് റമ്പാച്ചൻ "ശെമഓൻ കീപ്പ" എന്ന പുസ്തകത്തിൽ ആ പരമാധികാരം ഉണ്ടെന്നു പഠിപ്പിക്കുന്നു.

എന്നാൽ, യാക്കോബായ സുറിയാനിപാത്രിയർക്കീസ് അന്ത്യോഖ്യായുടേയും കിഴക്കൊക്കെയുടേയും പാത്രിയർക്കീസ് എന്നു് എഴുതുന്നതിനാൽ, പത്രോസിന്റെ ലോകമൊക്കെയിലുമുള്ള പരമാധികാരം തനിക്കുള്ളതായി അവകാശപ്പെടുന്നില്ലല്ലോ. മലങ്കര നടപ്പിലിരുന്ന ഹൂദായ കാനോൻ കോനാട്ടു മാ. അബ്രാഹം അച്ചൻ തർജ്ജമചെയ്തതിൽ അദ്ധ്യായം 7. "നിഖ്യാ" എന്ന തലക്കെട്ടിൽ പറയുന്നതു ഞാൻ സൂക്ഷിച്ചു വായിച്ചുനോക്കി. നിങ്ങൾക്കും അതു വായിച്ചു കാണേണ്ടതാം. ഉദ്ധരിക്കാം:

"ലോകത്തിലെ നാലുദിക്കുകളുടെ സംഖ്യയനുസരിച്ചു

www.malankaralibrary.com

പാത്രിയർക്കീസന്മാർ നാലുപേർ ഉണ്ടായിരിക്കണം. എല്ലാവരുടേയും പ്രധാനതലവൻ റോമയിലെ പാത്രിയർക്കീസും, അദ്ദേഹത്തിൻെറ കൂടെ അലക്സന്ത്രിയായിലെ പാത്രിയർക്കീസും, അദ്ദേഹത്തിൻെറ കൂടെ എഫേസോസിൽനിന്ന പാത്രിയർക്കാസ്ഥാനം അങ്ങോട്ടു മാററപ്പെടുകയും പുതിയ റോമ എന്ന നാമകരണം ചെയ്യപ്പെടുകയും ചെയ്തിട്ടുള്ള കുസ്തന്തീനോപ്പോലീസിലെ പാത്രിയർക്കീസും, അദ്ദേഹത്തിൻെറ കൂടെ പൌരസ്ത്യദേശം മുഴുവനിലും അധികാരമുള്ള അന്ത്യോക്ക്യാ പാത്രിയർക്കീസും ആയിരിക്കണം."

പത്രോസിൻെറ യഥാർത്ഥപിൻഗാമിയെ റോമാതലവനാക്കിയും ബാക്കിയുള്ളവരെ അദ്ദേഹത്തിൻെറകീഴിൽ സഹകാരികളാക്കിയും അവരിൽ അന്ത്യോക്ക്യാ പാത്രിയർക്കീസിനെ കിഴക്കിൻെറമാത്രം അധികാരിയാക്കിയും കാനോനിൽ എഴുതിക്കാണുന്നവല്ലോ.

അതിനാൽ യാക്കോബായപാത്രിയർക്കീസു റോമാസിംഹാസനത്തിൽനിന്ന വേർപെട്ടതിനാൽ ഇന്നു നാം കാണുന്ന അധഃപതനം സംഭവിച്ചുവെന്ന ഞാൻ വിചാരിക്കുന്നു. റോമാസിംഹാസനത്തിൻകീഴിൽ വേറെ അന്ത്യോക്ക്യാ പാത്രിയർക്കീസുണ്ടെന്നുള്ളതും നാം അറിഞ്ഞിരിക്കണം. പത്രോസിൻെറ പരമാധികാരം വീതിക്കുവാൻ പാടില്ലാത്തതുകൊണ്ടാണു റോമായിലെ പാത്രിയർക്കീസിനെ 'എല്ലാവരുടേയും പ്രധാനതലവൻ' എന്നു വ്യക്തമായി കാനോനിൽ എഴുതിയിരിക്കുന്നതു്.

യാക്കോബായ പാത്രിയർക്കീസ് ഹൂദായ കാനോനിൽ പറയുന്ന അന്ത്യോക്ക്യാ സിംഹാസനത്തിൽനിന്ന വേർപ്പെട്ട ചരിത്രവും ഞാൻ അന്വേഷിച്ചു. അതിപ്രകാരമാണു്.

451-ലെ കൽക്കിദൂൻ സുന്നഹദോസിനുശേഷം ഏകസ്വഭാവവാദികളായുള്ളവരെ യുസ്റ്റീനിയാനോസ് ചക്ര

www.malankaralibrary.com

വർത്തി പീഡിപ്പിച്ചു. എന്നാൽ ഏകസ്വഭാവവാദികളോടു് അനുഭാവമുണ്ടായിരുന്ന ചക്രവർത്തിനി "തേവോദോറാ" യാക്കോബു ബുർദാന എന്നയാളെ കുസ്തന്തീനോപ്പോലീസിലേ തടവിൽക്കിടന്ന അലക്ക്സന്ത്രിയായിലെ തേവോദോസ്യോസിനെക്കൊണ്ടു മെത്രാൻപട്ടം കൊടുപ്പിച്ചയച്ചു. ഈ യാക്കോബാണു യാക്കോബായസഭയുടെ സ്ഥാപകൻ. അന്നുമുതൽ യാക്കോബായക്കാരെന്നും പേരുണ്ടായി. മാർ ഒസ്താത്യോസ്ബാവാ (കുന്നംകുളത്തു കബറടങ്ങിയ ആൾ) "യാക്കോബായക്കാർ" എന്ന പുസ്തകം എഴുതിയതിൽ വിവാദസഭ യാക്കുബ് ബുർദാനാ ആരംഭിച്ചതെന്നു സ്ഥാപിച്ചിട്ടുണ്ടു്.

543-ലാണു യാക്കോബു പട്ടം ഏററതു്. അന്ത്യോഖ്യാ പാത്രിയാർക്കീസായിരുന്ന സേവേറിയോസ് ഏകസ്വഭാവവാദിയായിരുന്നതിനാൽ റോമാസിംഹാസനത്താൽ ബഹിഷ്കൃതനും കൽക്കീദൂൻ സൂന്നഹദോസിൻെറ മുടക്കുള്ളവനും ആയിരുന്നു. ചക്രവർത്തി അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കി. 'ഫർമാൻ' പിൻവലിച്ചാൽ പാത്രിയക്കാസ്ഥാനം പോകുമെന്നു് അബ്ദൽമിശിഹാ പാത്രിയർക്കീസിൻെറ കാര്യത്തിൽ, കാലുപാടില്ലാത്ത വല്യാറമ്പാച്ചൻ (കൊച്ചുപറമ്പിൽ) നമ്മെ പരസ്യമായി പഠിപ്പിച്ചിരുന്നതു നമുക്കറിയാമല്ലോ. അങ്ങനെ സേവേറിയോസു മൂന്നുവിധത്തിൽ സാക്ഷാൽ അന്ത്യോഖ്യാസിംഹാസനത്തിൽനിന്നു ബഹിഷ്കൃതനായി. ഈ സേവേറിയോസിൻെറ പിൻഗാമിയായി സേർജിയൂസും പിന്നീടു് ഈജിപ്തുകാരൻ പൗലോസും വാണു. അവർക്കു് ആ അന്ത്യോഖ്യാസിംഹാസനം ലഭിക്കാഞ്ഞതിനാൽ അന്ത്യോഖ്യാ പാത്രിയർക്കീസ് എന്ന പേരു സ്വീകരിച്ചു മർദ്ദീനിൽ വാഴ്ച തുടങ്ങി. ഇവരെ മർദ്ദീനിൽ യാക്കോബു ബുർദാന ആണു വാഴിച്ചതു്. ആ സാക്ഷാൽ അന്ത്യോഖ്യാസിംഹാസനം അപ്പോൾ റോമൻ പാത്രിയർക്കീസിൻെറ കീഴിലുള്ള അന്ത്യോഖ്യാപാത്രിയർക്കീസിനു കിട്ടി. ഇപ്പോഴത്തെ

www.malankaralibrary.com

യാക്കോബായ പാത്രിയർക്കീസിന് മർദ്ദീനിൽ പ്രവേശിപ്പാൻ രാഷ്ട്രസംബന്ധമായതടസ്സം ഉള്ളതിനാൽ ഹോംസിൽത്തന്നെ താമസിക്കുന്നു. ഇങ്ങനെ യാക്കോബായപാത്രിയർക്കീസു റോമാസിംഹാസനത്തിൻകീഴിൽനിന്നു വേർപെട്ടു. റോമാസിംഹാസനത്തിൻകീഴിൽ മൂന്നു സ്ഥലങ്ങളിലായി അന്ത്യോക്ക്യാപാത്രിയർക്കീസ് എന്നപേരിൽ മൂന്നുപേർ ഓരോ വിഭാഗം ജനത്തെ ഇന്നും ഭരിച്ചുവരുന്നു. യാക്കോബായപാത്രിയർക്കീസിന്റെ കീഴിൽ മററു പാത്രിയക്കീസന്മാരില്ല. അലക്സന്ത്രിയാ പാത്രിയർക്കീസിനു് അദ്ദേഹത്തോടു് ആത്മീയബന്ധമുണ്ടു്; എന്നാൽ, അദ്ദേഹത്തിന്റെ കീഴിലല്ല. റോമാമാർപാപ്പായുടെകീഴിൽ പല പാത്രിയർക്കീസന്മാരുണ്ടുതാനും.

അതിനാൽ, യാക്കോബായസഭയ്ക്കു് ഒരു നല്ല ഭാവി ഉണ്ടാകുന്നതിനു റോമാസിംഹാസനത്തോടു പുനരൈക്യപ്പെടുകയേ മാർഗ്ഗമുള്ളു എന്നു ഞാൻ വിശ്വസിക്കുന്നു.

മലങ്കരയാക്കോബായസഭയിൽ പ്രൊട്ടസ്റ്റന്റു മതചിന്ത വളരെ കയറിപ്പററിയിട്ടുണ്ടു്. എനിക്കും പല പ്രൊട്ടസ്റ്റന്റു ചിന്തകൾ ഉണ്ടായിരുന്നതു നിങ്ങൾക്കറിയാമായിരുന്നു. യാ. സ. ക്കു് അതിലെ മതചിന്തകന്മാരെ തൃപ്തികരമായ ഒരു വേദശാസ്ത്രം പഠിപ്പിക്കുവാൻ കഴിയാതെ പോയതാണു് അതിന്റെ പ്രധാന കാരണം. ജ്ഞാനതൃഷ്ണയുള്ള അതിന്റെ മക്കൾക്കു് ആവശ്യമായ ഭക്ഷണംകൊടുപ്പാൻ അതു് അപ്രാപ്തയായി. വേദശാസ്ത്രം പഠിപ്പിക്കുവാൻ ഒരു ഒന്നാംകിട സെമ്മിനാരിയുണ്ടാക്കുവാൻ അതിനു് ശക്തിയില്ല. കെട്ടിടം പണിതാൽ ഒന്നാംകിട സെമ്മിനാരിയാവുകയില്ല. സ്വന്തം വീട്ടിൽ വിശപ്പുമാററുവാൻ പഴങ്കഞ്ഞിപോലും ഇല്ലെന്നു വന്നപ്പോൾ അയൽവീട്ടിലെ കഞ്ഞിവെള്ളം കുടിക്കുവാൻ വിശക്കുന്ന കുഞ്ഞുങ്ങൾ ഇറങ്ങിപ്പോയി.

ഭൗതികവാദം, മോഡേണിസം, നാസ്തികത്വം എന്നി

www.malankaralibrary.com

ങ്ങനെയുള്ള വിപത്തുക്കളെ അഭിമുഖീകരിപ്പാൻ ഒരു സഭയ്ക്കു കെല്പുണ്ടായിരിക്കണം. അവയുടെ വെല്ലുവിളിയെ എതിരിടുവാൻ യാ. സ. യ്ക്കു കഴിവില്ലെന്നുള്ള നിരാശയിൽ ഞാനെത്തി. യേശുമിശിഹായെക്കൂടാതെ എട്ടു ശിഷ്യന്മാർ ഒരു ഭൂതബാധിതനായ ബാല്യക്കാരനെ സൗഖ്യമാക്കുവാൻ അപ്രാപ്തരായിനിന്നു വിഷമിച്ച ആ ചിത്രം എന്റെ മനസ്സിൽ കണ്ടു. പണക്കാരെക്കൊണ്ടുമാത്രമോ വ്യവഹാരംകൊണ്ടോ കെട്ടിടങ്ങളെക്കൊണ്ടോ ഈ യുഗത്തിലെ ഭൂതോപദ്രവത്തെ നീക്കുവാൻ സാദ്ധ്യമല്ല. ക. സ. യിലെ വിശുദ്ധന്മാരും പണ്ഡിതന്മാരും ക്രിസ്തുവിനോടുകൂടെ നില്ക്കുന്നതുകൊണ്ടു ഈ ഉപദ്രവത്തെ നീക്കുവാൻ ശക്തിയുള്ളവരായി ഞാൻ കണ്ടു. അതിനാൽ, ക്രിസ്തുവും പത്രോസും ഉള്ള രൂപാന്തരമലയിലേക്കു കയറിപ്പോകാമെന്നു ഞാൻ നിശ്ചയിച്ചതാണ്.

യാ. സ. യിലെ തീരാവ്യവഹാരങ്ങളും, പള്ളികളിലെ വഴക്കുകളും, അനേകം യുവാക്കന്മാരുടെ നിരാശയും, പല പട്ടക്കാരുടേയും ശെമ്മാശന്മാരുടേയും അസംതൃപ്തിയും, മേല്പട്ടക്കാർക്കു ശരിയായി ഭരണം നടത്താനുള്ള പ്രതിബന്ധങ്ങളും, പരോപകാരപ്രദമായ സ്ഥാപനങ്ങൾ നടത്താനുള്ള അപ്രാപ്തിയും, മിഷൻവയലിലേക്കു മിഷനറിമാരെ അയയ്ക്കുവാൻ യാതൊരു ക്രമീകരണവും ചെയ്യാത്ത അനാസ്ഥയും, എല്ലാംകൂടി അതിൽ സേവനം ചെയ്യുവാൻ വരുന്നവരെ നിരാശയിൽ മുക്കിക്കളയുമല്ലോ എന്ന് എനിക്കു തോന്നി. നിരാശയിൽ എത്താത്തവർ ഇനിയും ശ്രമിച്ചുനോക്കി സ്വന്തം അനുഭവംകൊണ്ടു പഠിക്കട്ടെ. കേടുവന്ന കപ്പലിലെ ഇരിപ്പിടങ്ങൾ നന്നാക്കുവാൻ തുടങ്ങിയിട്ട് എന്തു ഫലം? കീറിയ കൂടയിൽ മത്സ്യം പിടിച്ചിട്ടാൽ എന്തു വിശേഷം?

ഞാൻ താഴെ ഒരു പൊതുവീക്ഷണം ചെയ്യുകയാണ്. യാ. സ. യെപ്പറ്റി കുറ്റം പറയുകയല്ല. ഏതെങ്കിലും ഒരു സഭയിലെ മെത്രാപ്പോലീത്തന്മാർക്കോ മെത്രാന്മാർക്കോ പട്ട

www.malankaralibrary.com

ക്കാരുടെയും ജനങ്ങളുടേയുംമേൽ ആത്മീയമായും സന്മാർഗ്ഗവും വിശ്വാസവും സംബന്ധിച്ചും അധികാരം ചെലുത്തുവാൻ അസാദ്ധ്യമായി വന്നാൽ ആ സഭ അധഃപതിക്കാതിരിക്കുമോ? ലൗകികമായ ഉദ്ദേശ്യത്തോടെ പൗരോഹിത്യസ്ഥാനത്തിലേക്കു വിശ്വാസികൾ പ്രവേശിക്കുകയും വേദശാസ്ത്രപരമായ കാര്യങ്ങളിൽ ഇക്കാലത്തെ മനുഷ്യരെ നയിക്കുവാൻ അറിവു പ്രാപിക്കുന്നതിനു സ്ഥാപനമില്ലാതെ കഴിയുകയും ചെയ്യാനിടവരുത്തുന്ന ക്രിസ്തീയസമുദായം ലോകത്തിന്റെ വെളിച്ചമായിരിക്കുമോ? ഞായറാഴ്ചമാത്രം പള്ളിയിൽ ശുശ്രൂഷ നടത്തി തങ്ങൾ ദൈവശുശ്രൂഷക്കാരാണെന്നു ഭാവിക്കുകയും ശ്രാദ്ധക്രമങ്ങളും പള്ളിക്രമങ്ങളും നടത്തുന്നതിനെക്കാൾ കൂടുതലായി തങ്ങൾക്കു ഒരു ഉത്തരവാദിത്വം ഉണ്ടെന്നു അറിയാതിരിക്കുകയും ചെയ്യുന്ന ധാരാളം പുരോഹിതന്മാർ ഉള്ള സഭ പുരോഗമിക്കുമോ? ഒരു സഭയിലെ ഭരണകർത്താക്കൾ അന്തസ്സും സുഖവും എന്നതിൽകൂടുതൽ ജീവിതത്തിൽ ഉദ്ദേശമില്ലാത്തവരായിത്തീർന്നാൽ അതിൽ എത്രത്തോളം ആത്മീയദർശനം പ്രതീക്ഷിക്കാം? പുണ്യവാന്മാരും ഉത്തമ സന്യാസിമാരും മനുഷ്യർക്കു മാതൃകയായി വേണ്ടിടത്തോളം വളരുവാൻ സഭയിൽ സാധിക്കുകയില്ലെങ്കിൽ അതിനു എവിടെയോ ഒരു കേടുണ്ടെന്നു വിചാരിക്കരുതോ? പുരോഹിതന്മാരായിത്തീരുവാനുള്ളവരുടെ യോഗ്യതയെപ്പറ്റി കാര്യമായി ഒന്നുംതന്നെ പറയാനില്ലാതെ അവർ പള്ളിക്രമങ്ങളും കുർബാനയും മററും നടത്താൻ പഠിച്ചാൽമതി എന്നുള്ളിടത്തോളം താണിറങ്ങിയാൽ അധഃപതനം വരാതിരിക്കുമോ? ഭരണീയർ ഭരണകർത്താക്കളെക്കാൾ ആത്മീയവിഷയങ്ങളിൽ ജ്ഞാനികളായിത്തീരുന്നതായാൽ ആ സഭ പമ്പരംപോലെ മറിഞ്ഞു വീഴുകയില്ലയോ? മനുഷ്യരുടെ ഉത്ഥാനത്തിനും മനഃസാക്ഷിക്കും തൃപ്തിവരുത്താത്ത ഒരു പഴഞ്ചൻ വേദശാസ്ത്രശകലത്തിന്റെ ഉറക്കം തൂങ്ങുന്ന കാവൽപട്ടാള

www.malankaralibrary.com

ക്കാരായി ഒരു സഭയുടെ നേതാക്കന്മാർ വന്നാൽ, ആ സഭയെ ഉദ്ധരിക്കുവാൻ ആരു വിചാരിച്ചാലാണു സാധിക്കുക? ഇങ്ങനെ എൻെറ ഹൃദയം വെന്തു നീറുവാൻ തുടങ്ങിയതിൻെറ ഫലമായിട്ടാണു ഞാൻ ക. സ. യെന്ന തുറമുഖത്തെത്തിയതു്.

ലൗകികപരിസരങ്ങൾക്കുമീതെ ഉയരുവാൻ ഒരു സഭയ്ക്കു് ആത്മീയശക്തിയില്ലാതെ വന്നാൽ അതു് അതിൻെറ മക്കളോടുകൂടി അടിയിൽക്കിടന്നു് ഉൎദ്ധശ്വാസം വലിക്കേണ്ടിവരും. ആത്മീയോന്നമനം കാംക്ഷിക്കുന്നവർ എങ്ങനെയെങ്കിലും തിക്കിഞെരുക്കി അതിൽനിന്നു പുറത്തുചാടും. അതിനു് അവരെ കുറെ ചീത്തപറഞ്ഞു കൃതാൎത്ഥത അടഞ്ഞാൽ എന്തു സാധിക്കുവാൻ പോകുന്നു? ചീത്ത പറയുവാൻ തയ്യാറായിട്ടുള്ളവർക്കു് അതു പറയാതെ ഗത്യന്തരവുമില്ല. ഒരു സഭയിൽനിന്നു് ആളുകൾ പാർട്ടികളായും വ്യക്തികളായും ഇങ്ങനെ അടർന്നു വീഴുന്നതു കാണുമ്പോഴെങ്കിലും അതിനു് എന്തോ രോഗമുണ്ടെന്നു് അറിവാൻ കഴിയുകയില്ലേ? ഒരു സഭയിൽത്തന്നെ പ്രോട്ടസ്റ്റൻറു ചിന്തയുള്ളവരും കത്തോലിക്ക ചിന്തയുള്ളവരും, വിദേശമേധാവിത്വം വേണമെന്നു ശഠിക്കുന്നവരും അച്ചടക്കമില്ലാതെ വളർന്നുവന്നാൽ ആ സഭയുണ്ടോ പുരോഗമിക്കുവാൻ പോകുന്നു? ഒരു സഭയിലെ പട്ടക്കാൎക്കും യുവാക്കൾക്കും അസംതൃപ്തി വരുത്തിക്കൂട്ടിയാൽ അതു ശിഥിലീകൃതമാകാതെ കഴിയുമോ?

യാ. സ. ക്കു ഞാൻ നോക്കിയിട്ടു കാണുന്ന രക്ഷാമാൎഗ്ഗം അതു് ഏതിൽനിന്നു വേർപെട്ടുവോ ആ പഴയ സിംഹാസനവുമായി പുനരൈക്യപ്പെടുക എന്നതുതന്നെ. മുമ്പേ ചേരുന്നവർ ഭാഗ്യവാന്മാർ.

യാ. സ. യിലിരുന്നു ക. സ. യെ ശപിച്ചു പട്ടമേററിട്ടു് പിന്നെ ആ ശപിക്കപ്പെട്ട സഭയെ സ്വീകരിക്കുന്നതു ശരിയോ എന്നൊരു ചോദ്യം എനിക്കുതന്നെ ഉണ്ടായി. സത്യമായ സഭയെ ശപിച്ചവർക്കാണു് അതിൻെറ ദോഷം. (Shameful Contract is invalid). അസത്യവും അയോഗ്യവുമായ വാ

www.malankaralibrary.com

ണങ്ങൾ അസാധുവാണ്. വിഷംചേർന്ന ഒരു ഭക്ഷണം വേറൊരുത്തനു കൊടുപ്പിക്കുവാൻവേണ്ടി ഒരുത്തനെക്കൊണ്ടു "ഇന്ന ഭക്ഷണം ഞാൻ ഇന്നവനു കൊടുത്തുകൊള്ളാം" എന്നു സത്യം ചെയ്യിച്ചു എന്നിരിക്കട്ടെ. അവസാനം വിഷം ഉണ്ടെന്നറിഞ്ഞാൽ അവൻ ആ സത്യം ലംഘിക്കുന്നതാണു യഥാൎത്ഥസത്യവും ദൈവപ്രസാദകരവുമായ കാൎയ്യം. വിഷം ഉണ്ടെന്നറിഞ്ഞശേഷം, സത്യം ചെയ്തല്ലോ എന്നു വിചാരിച്ചു് അതു ഭക്ഷിപ്പാൻ കൊടുത്താൽ മഹാ വലിയ പാതകം തന്നെയാണ്. യാ. സ. അതിലെ പ്രജകളെക്കൊണ്ടു സത്യസഭയെ ശപിപ്പിച്ചു പട്ടംകൊടുത്തുവിടുന്നതു് ഇപ്രകാരമാണ്. അതിനാൽ, സത്യസഭയെ അറിയുന്ന ഉടൻ, ചെയ്ത സത്യം വലിയ തെറ്റായി എന്നു കണ്ടു പശ്ചാത്തപിച്ചു ദൈവത്തിങ്കലേക്കു തിരിയുകയും സത്യസഭയാൽ സ്വീകരിക്കപ്പെട്ടു സത്യസഭയുടെ പട്ടക്കാരനായിത്തീരുകയും ചെയ്കയാണു വേണ്ടതു്. യഥാൎത്ഥ പട്ടത്വം (മാമ്മോദീസായും മൂറോനും പോലെ) ആത്മാവിൽ മായാത്ത വരപ്രസാദമുദ്ര (Character—വരപ്രസാദമുദ്ര) പതിക്കുന്നതിനാൽ രണ്ടാമതു പട്ടം കൊടുക്കേണ്ടാ. ഒരാളെ അടിക്കുവാൻ കള്ളുവാങ്ങിക്കൊടുത്തു ബോധം മറച്ചു സത്യംചെയ്യിച്ചുവെന്നിരിക്കട്ടെ. ബോധം വരുമ്പോൾ ആ സത്യം ലംഘിക്കുകയാണു ദൈവത്തിനു പ്രീതികരമായ കാൎയ്യം. യാ. സ. തെറ്റു പഠിപ്പിച്ചു് (ഉത്തമ വിശ്വാസത്തോടുകൂടെയാണു ചെയ്യുന്നതെന്നു വിചാരിച്ചാലും) അതിലെ പ്രജകളെ തെറ്റായ ഉപദേശംകൊണ്ടു ബോധംകെടുത്തി ചെയ്യിക്കുന്ന സത്യത്തിനു് ഇതിൽകൂടുതൽ വിലയില്ല. അജ്ഞാനത്തിലിരുന്നു ചെയ്ത വാഗ്ദത്തം തെറ്റാണെന്നു ബോധപ്പെടുമ്പോൾ ആ തെറ്റു നീക്കിക്കളയുന്നതാണു സത്യം. സത്യം ബോധപ്പെട്ടിട്ടു് അതിനോടു മറുത്താൽ അതു പരിശുദ്ധാത്മാവിനു വിരോധമായ പാപമാകുമല്ലോ. 'സത്യം എ



www.malankaralibrary.com

ന്നാൽ എന്തു്?' എന്ന പീലാത്തോസിനെപ്പോലെ പറയുന്നവർ ഉണ്ടെന്നുള്ളതു വിസ്മരിക്കുന്നില്ല.

മനുഷ്യൻ സത്യമാർഗ്ഗത്തിൽ എത്തുന്നതുവരെ മൈൽക്കുററിപോലെ എന്നും ഒരു സ്ഥലത്തു് ഇരിക്കുവാനുള്ള ശവമല്ല. വണ്ടിപോലെ നീങ്ങിക്കൊണ്ടിരിക്കേണ്ടവനാണു്. ആ നീക്കം ശരിയായവഴിയിൽക്കൂടെ ആയിരിക്കണമെന്നുമാത്രം. അല്ലെങ്കിൽ, പുരോഗമനം എന്ന ഒന്നുണ്ടാകയില്ല. അതിനാൽ ചിന്തിക്കുകയും തുറന്ന ഹൃദയം ഉണ്ടായിരിക്കുകയുംചെയ്യുന്നവനു നിന്നിടത്തുതന്നെ നില്ക്കുവാൻ സാദ്ധ്യമല്ല. ജീവനുണ്ടെന്നുള്ള ലക്ഷണം വളർച്ചയാണു്.

ദൈവം വെളിപ്പെടുത്തുന്ന തൻെറ മാർഗ്ഗത്തിൽ, ദൈവത്തെ സേവിക്കണമെന്നുള്ള എൻെറ പ്രതിജ്ഞയിൽത്തന്നെയാണു ചെറുപ്പംമുതൽ ഈ വാർദ്ധക്യംവരെ യാത്ര ചെയ്തിട്ടുള്ളതു്. പക്ഷേ, എന്നെ ഓരോ കാര്യത്തിന്നായി ഓരോരുത്തർ ആത്മീയകാര്യങ്ങളിൽ ഉപയോഗിക്കാൻ തുടങ്ങും. ദൈവഹിതമാണെന്നു ബോദ്ധ്യമുള്ളിടത്തോളം ഞാൻ സഹകരിക്കും. എൻെറ ഉത്തമബോധത്തിന്നെതിരായി വന്നാൽ എന്തു ത്യാഗം സഹിച്ചും ഞാൻ അതു വലിച്ചെറിയുമെന്നു് എന്നെ പരിചയമുള്ളവർക്കറിയാം. അതിൽ ജഢരകങ്ങളുടെ ആലോചന ഞാൻ അത്ര ഗണിക്കാറില്ല. അന്യർക്കു് അതിൽ എന്നെ നിന്ദിക്കുവാൻ പല വിഷയങ്ങൾ കണ്ടേക്കാം. അതു് അവരുടെ സ്വഭാവശ്രേഷ്ഠതയ്ക്കൊത്തവണ്ണം അവർ ചെയ്യട്ടെ. യാ. സ. യിൽ ഞാൻ ചെയ്തുവന്ന സേവനങ്ങളും ചെയ്യുവാൻ തുടങ്ങിയ സേവനവും ശരിയായ സഭയിൽക്കൂടെ വന്നു ശരിയായ രീതിയിൽക്കൂടെ പൂർത്തിയാക്കുവാൻ ദൈവം ചെയ്ത ഈ മഹാ കരുണമൂലം എൻെറ സങ്കടങ്ങൾക്കു ഞാൻ പരിഹാരം കണ്ടെത്തി.

അറുപതാമത്തെ വയസ്സിൽ ഒരു സഭ വിടുവാൻ എത്രയോ ബുദ്ധിമുട്ടുകൾ ബാഹ്യമായും ആന്തരികമായും ഉണ്ടു്. മത

www.malankaralibrary.com

പരമായ അഭിപ്രായങ്ങളിൽ ശരിയല്ലാത്തവ, കാണുവാനും മാറുവാനും ആവശ്യമായി വരുന്നത് അവ ഒരുവന്റെ ജീവിതത്തിനും ദൈവസേവനത്തിനും മതിയാകാതെ വരുമ്പോഴാണ്. മുടിയനായ പുത്രന് ആവശ്യം നേരിട്ടപ്പോഴാണ പിതാവിന്റെ ഭവനത്തെപ്പററി ചിന്ത ഉണ്ടായത്. യാ. സ. യിൽ എന്റെ ആദ്ധ്യാത്മികപുരോഗമനം തടഞ്ഞുപോയി എന്നു കണ്ടപ്പോഴാണു സത്യസഭ ഏതു്, എന്റെ യഥാർത്ഥ ആത്മീയപിതാവ് എവിടെ, എന്ന അന്വേഷണബുദ്ധിയുണ്ടായതു്. അതുവരെ യാ. സ. യിൽ ബോധം കെട്ടവനായി ഞാൻ കിടന്നിരുന്നു എന്നു പറയാം. നിരാശ എന്നെ വിളിച്ചുണർത്തി. ഒരു നിവൃത്തിയുണ്ടായിരുന്നെങ്കിൽ യാ. സ. ഞാൻ വിടുകയില്ലായിരുന്നു. അങ്ങനെ മനഃപൂർവ്വം നിശ്ചയിച്ചിരുന്നു. എനിക്കതു വിടുവാൻ ലൗകികപ്രകാരം ഇഷ്ടമില്ലായിരുന്നു; പ്രയാസവുമായിരുന്നു. ദൈവം എന്നെ സത്യസഭയിലേക്ക് അത്ര ആകർഷിച്ചില്ലായിരുന്നെങ്കിൽ ഞാൻ ഇരുന്നിടത്തുതന്നെ ഇരുന്നു മരിക്കുമായിരുന്നു.

പ്രോട്ടസ്റ്റാൻറുസഭകളേയും ഞാൻ നോക്കി. അനിയന്ത്രിതമായ അഭിപ്രായസ്വാതന്ത്ര്യംമൂലം അവയിൽ ഒരു 'ബാബേല്'ത്രേ ഞാൻ ദർശിച്ചതു്. ഓരോ പണ്ഡിതനും ഓരോ വിധത്തിൽ എഴുതുന്നു. അതു് എന്നെ പരിഭ്രമിപ്പിച്ചു. പ്രോട്ടസ്റ്റാൻറുസഭ തെരഞ്ഞെടുത്തെങ്കിൽ ആത്മീയജീവിതത്തിൽ ഞാൻ കുഴഞ്ഞേനേ. കത്തോലിക്കാസഭ ഒരു പാറമേൽ നില്ക്കുന്നതായി ഞാൻ കണ്ടു. ഇതുതന്നെ സത്യത്തിന്റെ തൂണും ഇളകാത്ത അടിസ്ഥാനവുമായ ദൈവമന്ദിരം എന്നു ഞാൻ കണ്ടു. അതിന്റെ കാവൽക്കാരോട് എന്റെ 'വേദവ്യാഖ്യാനം' എന്ന ഭാണ്ഡത്തോടുകൂടെ എന്നെ അകത്തുകയററുമോ എന്നു ഞാൻ ചോദിച്ചു. ഇങ്ങനെയുള്ളവക്ക് ഈ വീട്ടിൽ ഇടമുണ്ടെന്നു് അവർ പറഞ്ഞു. ഞാൻ കയറിച്ചെന്നു. ഞാൻ അന്വേഷിച്ചിരുന്ന എന്റെ കർത്താവിനെ അവിടെ ഞാൻ

www.malankaralibrary.com

കണ്ടു. അവിടെ എത്തുന്നതുവരെ എന്തു ചെയ്യേണ്ടു എന്നറിയാതെ അനേകദിവസങ്ങൾ എൻെറ ഹൃദയം കരഞ്ഞുകൊണ്ടിരുന്നു. എനിക്കനുഭവപ്പെട്ട പോരാട്ടം ഇല്ലാത്ത ഒരുവന്, ഞാൻ പറയുന്നതു മനസ്സിലാകുവാൻ പ്രയാസമാണെന്ന് എനിക്കറിയാം. എല്ലാവരും അവനവൻെറ നില വച്ചേ മററുള്ളവരെക്കാണുകയുള്ളു. എൻെറ ജീവിതത്തിൽ ഇതുവരെയും അസംഖ്യങ്ങളായ നന്മകൾ ചെയ്തുതന്ന ദൈവം ക. സഭയുടെ മടിയിൽ എന്നെ കിടത്തിയതു് ഏററം അത്യാവശ്യപ്പെട്ട നേരത്തിൽചെയ്ത കരുണയാണു്. അല്ലെങ്കിൽ, ഞാൻ സത്യാന്വേഷണത്തിൽ മരിച്ചുപോകയോ ഭ്രാന്തനാകയോ ചെയ്യുമായിരുന്നു. കുറെ മാസങ്ങൾകൂടി താമസിക്കുവാൻ പലരും എന്നോടു പറഞ്ഞു. തങ്ങൾ പറയുന്നതെന്തെന്ന് അവർക്കറിഞ്ഞുകൂടാ. യാ. സ. യോടുള്ള വഴക്കുകൊണ്ടല്ല ഞാൻ പോന്നതു്. എനിക്ക് ഒരു വഴക്കും ഇല്ല. എൻെറ സ്വന്തം വീട് ഞാൻ കണ്ടെത്തി എന്നേയുള്ളു. ഞാൻ അന്യഭവനത്തിൽ താമസിച്ചിരുന്നുവെന്ന് ഇപ്പോൾ, സ്വഭവനത്തിലെത്തിയപ്പോഴാണറിഞ്ഞതു്.

യാ. സ. യെ ഉയത്തുവാൻ, ക. സ. യിലെ പുസ്തകങ്ങൾ വായിക്കുവാനാണു ഞാൻ ത്രിശ്ശിനാപ്പിള്ളിയിൽ വിദ്യാത്ഥിയായിരുന്ന കാലത്തു പരേതനായ ആലുവായിലെ മാർ അത്താനാസ്യോസ് തിരുമേനി എന്നെ ഉപദേശിച്ചതു്. എന്നെ മെത്രാനാക്കുവാൻ താൻ ഉദ്ദേശിക്കുന്നുവെന്ന് അദ്ദേഹം പലപ്പോഴും പറയുകയുണ്ടായി. ആ കാര്യം വടക്കൻതിരുവിതാംകൂറിലുള്ള യാക്കോബായക്കാർക്ക് അറിയാമായിരുന്നു. ശീശ്മ സഭയിലെ മെത്രാനാകുന്നതിനെക്കാൾ ദൈവമന്ദിരത്തിലെ ഭൃത്യനായിരിക്കുന്നതാണു നല്ലതു്.

ഏകദേശം 1934- വരെ ക. സ. യിലെ പല പുസ്തകങ്ങളും വായിച്ചുകിട്ടിയ കേതിക്കടുത്ത രീതികൾ യാ. സ. യിൽ വളരുമോ എന്നറിവാൻ ഞാൻ ശ്രമിച്ചു. അതിൻെറ

www.malankaralibrary.com

ചട്ടക്കൂട്ടിൽ അവശ്യ സ്ഥാനം ഇല്ലെന്നറിഞ്ഞു. 1935 മുതൽ അധികം വായിച്ചതു പ്രൊട്ടസ്റ്റാൻറു പുസ്തകങ്ങളാണ്. അതിൽ കണ്ട നന്മകൾ യാ. സ. യിൽ വരുത്തിയാൽ നന്നായിരിക്കുമെന്നു തോന്നി. 1956 ആയപ്പോൾ അതും യാക്കോബായ മണ്ണിൽ വളരുവാൻ സാദ്ധ്യമല്ലെന്നു മനസ്സിലായി. ഇങ്ങനെ 40 കൊല്ലത്തോളം നടത്തിയ എൻറ ശ്രമം സാരമായ ഒരു കാര്യവും സാധിപ്പിച്ചില്ല. കുറേപ്പേർ ആത്മീയമായി ഉണർത്തപ്പെട്ടിട്ടുണ്ട്. എന്നാൽ, അവർക്കു നിലനില്പാൻ യാ. സ. യിലെ ചുററുപാടുകൾ തീരെ അനുകൂലങ്ങളല്ല. അങ്ങനെയുള്ള എൻറ ആത്മീയമിത്രങ്ങളോട് എനിക്കു വിനയമായി അപേക്ഷിപ്പാനുള്ളതു, ശാന്തമായി കത്തോലിക്കാ പുസ്തകങ്ങൾ വായിക്കണമെന്നും നിങ്ങളിൽ മുളച്ചിട്ടുള്ള നന്മകൾ യഥാർത്ഥസഭയിൽവന്നു വളർത്തണമെന്നുമാണ്. യാ. സ. യിലെ വേദശാസ്ത്രം, ഞാൻ അതിലെ മല്പാന്മാരിൽനിന്നു ഗ്രഹിച്ചതു്, ഇന്നത്തെ ലോകത്തിൽ വിലപ്പോകയില്ലെന്നു കണ്ടു. നിങ്ങളിൽ സമർത്ഥന്മാർ ആ വേദശാസ്ത്രം പഠിപ്പിച്ച് ഇതരസഭകളിൽ ജ്ഞാനികളും ഭക്തന്മാരുമായവരെ യാ. സ. യിലേക്ക് കൊണ്ടുവരുവാനൊക്കുമോ എന്നു പരീക്ഷിച്ചു നോക്കുവിൻ. മനഃസാക്ഷിയേയും വിവേകത്തേയും പ്രകാശിപ്പിക്കുവാനും സമ്മതിപ്പിക്കുവാനും കഴിയാത്ത ഒരു വേദശാസ്ത്രം പഠിപ്പിക്കുവാൻ എനിക്ക് അസാദ്ധ്യമാണ്. ഇന്നത്തെ ലോകത്തിൻെറ ആവശ്യത്തിനു തക്കവണ്ണം സനാതനസത്യങ്ങളെ വികസിപ്പിച്ചു പുതിയ ഭാഷയിൽ പറയുന്നതിനുള്ള സ്വാതന്ത്ര്യം അന്ത്യോക്യാപ്രതിനിധി എനിക്കു തരികയില്ലെന്നും ഉറപ്പായി. തന്നാലും വിശേഷമുണ്ടാകയുമില്ലായിരുന്നു.

യാ. സ. ദൈവത്തിൻെറ സഭയാണോ എന്നു സംശയിച്ച് ഒരു യാക്കോബായ മെത്രാപ്പോലീത്തായോടു ഞാൻ ചോ-

www.malankaralibrary.com

മിച്ചു. അദ്ദേഹം മൗനമായിരുന്നതേയുള്ളു. സംശയം മെത്രാനും ഉണ്ടായിരുന്നിരിക്കാം.

ഈ പരിസരങ്ങളിലാണു 21 വയസ്സുമുതൽ ഞാൻ പഠിച്ച കത്തോലിക്ക പുസ്തകങ്ങളെ പുനർവീക്ഷണം ചെയ്യുകയും കത്തോലിക്കസഭാവേദശാസ്ത്രത്തിലേ ചില പ്രധാന കാര്യങ്ങൾ പഠിക്കുകയും ചെയ്തതു്. ക്രമേണ യാ. സ. യും പ്രൊട്ടസ്റ്റാൻറുസഭകളുമല്ല, ക. സ. തന്നെ ദൈവത്തിൻെറ ഏകസത്യസഭ എന്നു ഗ്രഹിച്ചു. (രണ്ടാം അദ്ധ്യായം കാണുക) എനിക്കു ബോധപ്പെട്ടതിനാൽ മററുള്ളവരേയും ബോധപ്പെടുത്തുവാൻ എനിക്കു കഴിയുമെന്നു ഞാൻ പറയുന്നില്ല. പലരും ബുദ്ധിയിൽ ബോധപ്പെട്ടാലും ഇച്ഛാശക്തിയിൽ അതിനെ സ്വീകരിക്കാൻപാടില്ലാത്തവണ്ണം അനേകം കെട്ടുകളിൽ പിണഞ്ഞിട്ടുണ്ടായിരിക്കും. പരമാർത്ഥികൾ പഠിച്ചുനോക്കണം. കുററകരമായ അജ്ഞാനം ദൈവം ഇഷ്ടപ്പെടുന്നില്ല. യാ. സ. യിലെ രണ്ടു പാർട്ടികൾ യോജിക്കുന്നതുകൊണ്ടു് അതു് ദൈവത്തിൻെറ സഭയാകുകയില്ല. ദൈവത്തിൻെറ ഏകസത്യസഭയോടു യോജിക്കണം. സ്ഥാപിതതാത്പര്യങ്ങൾ പലരേയും അതിനു തടസ്സപ്പെടുത്തുന്നു.

ക. സ. യിൽ കൊള്ളരുതാത്ത ജീവിതം നയിക്കുന്ന അനേകവ്യക്തികൾ ഉണ്ടെന്നു് എനിക്കറിയാം. അതേസമയം, അതിലെ അസംഖ്യങ്ങളായ പുണ്യവാന്മാരും അനേകവിധത്തിലുള്ള സേവനങ്ങൾ ചെയ്യുന്ന നിരവധി സന്യാസാശ്രമങ്ങളും, ലോകത്തിൻെറ നാനാഭാഗങ്ങളിലും ചെന്നു് അക്ഷീണയത്നം നടത്തുന്ന ആയിരമായിരം മിഷ്യനറിമാരും അസംഖ്യങ്ങളായ സർവ്വകലാശാലകളും ആതുരാലയങ്ങളും അനാഥശാലകളും, യാക്കോബായക്കാർതന്നെ ഉപയോഗിക്കേണ്ടിവരുന്ന അതിലെ മനോഹരമായ മതഗ്രന്ഥങ്ങളും, ക. സ. ഒരു മണലാരണ്യമല്ലെന്നും നല്ല ഫലം പുറപ്പെടുവിക്കുന്ന ക്രിസ്തുവിൻെറ മുന്തിരിത്തോപ്പാണെന്നും കാണിക്കു

www.malankaralibrary.com

ന്നു. ഞാൻ ക. സ. യിലെ ഒരാശ്രമത്തിൽ ജീവിച്ചപ്പോഴാണു ക്രിസ്തുവിനെ ആരാധിക്കുന്നതിനും പുണ്യപൂർണ്ണത സമ്പാദിക്കുന്നതിനും അതിലുള്ള സൗകര്യങ്ങൾ ഗ്രഹിച്ചതു്. മറ്റു സഭകളിലെ ചില ആശ്രമങ്ങളിലും ഞാൻ താമസിച്ചിട്ടുണ്ടു്. എന്നാൽ, ക. സ. യിലെ ആശ്രമത്തിൽ ഞാൻ കണ്ട അന്തരീക്ഷം അവിടെയെങ്ങും ദർശിച്ചിട്ടില്ല.

മാർത്തോമ്മാസഭയിൽ ചേരുവാൻ ചിലർ എന്നോടുപദേശിക്കുകയുണ്ടായി. എന്റെ പല സ്നേഹിതന്മാർ ഞാൻ അങ്ങോട്ടാണെങ്കിൽ എന്നെ അനുഗമിക്കുമെന്നും തോന്നി. പക്ഷേ, ഞാനെന്തു ചെയ്യും? ദൈവത്തിന്റെ സഭ അതാണെന്നു് ഒരു ഉത്തമബോധം കിട്ടാതെ ഞാനെങ്ങനെ അതിൽ ചേരും? കുറേ കൊല്ലങ്ങൾക്കുമുമ്പാണെങ്കിൽ അതിൽ ചേരുവാൻ ഒരു താത്പര്യം എനിക്കുണ്ടാകാമായിരുന്നു. ഇപ്പോൾ അവർ വ്യവഹാരത്തിൽ പതിച്ചു. ഒരു നൂററാണ്ടായിട്ടും വിശ്വാസസത്യങ്ങൾ അതിൽ നിർവ്വചിക്കപ്പെട്ടിട്ടില്ല. അമിതകൃത്തിപ്പുകാരും (Higher Critics) ബൈബിളിലെ അക്ഷരനിവേശിതവാദക്കാരും അതിലുണ്ടു്. ഇവ രണ്ടും ശരിയായി എനിക്കു ബോധംവരുന്നില്ല. പൊതുവേ പറഞ്ഞാൽ പ്രോട്ടസ്റ്റാന്റു വകുപ്പുകളിൽ രക്ഷയ്ക്കു് ആവശ്യമായ കാര്യങ്ങളെക്കുറിച്ചു ക്ലിപ്തവും ഖണ്ഡിതവുമായ ഒരു തീരുമാനം ചെയ്യാൻ ഒരു ഏർപ്പാടു് അതിലെ പണ്ഡിതന്മാരുടെ ചില പുസ്തകങ്ങളിൽ കാണുന്നു. യേശുക്രിസ്തുവിലാണു രക്ഷ എന്നു പറയുമെങ്കിലും ക്രിസ്തു പഠിപ്പിച്ച വിശ്വാസസത്യങ്ങളെ സംബന്ധിച്ചു വലിയ അഭിപ്രായവ്യത്യാസങ്ങൾ അവരിൽ കാണുന്നതുമൂലം എനിക്കു പ്രോട്ടസ്റ്റാന്റിസം ആകപ്പാടെ ഭയജനകമായിരിക്കുന്നു. വിശ്വാസസത്യങ്ങൾ അതിൽ അവ്യക്തമായി എനിക്കു തോന്നി. എന്നാൽ, ചില ആദ്ധ്യാത്മികകാര്യങ്ങൾക്കു പ്രോട്ടസ്റ്റാന്റു വകുപ്പുകാർ പ്രചോദനം നല്കുന്നുണ്ടെന്നു് എനിക്കറിയാം.

www.malankaralibrary.com

കത്തോലിസവും പ്രോട്ടസ്റ്റാൻറിസവും തമ്മിൽ എന്റെ പഠനത്തിൽ കിട്ടിയപ്രകാരം ഒന്നു താരതമ്യം ചെയ്യാം.

### കത്തോലിസം

1. പഠിപ്പിക്കുവാൻ അധികാരമുള്ള സഭ.
2. ബൈബിളും, ദൈവികമായി വിശുദ്ധപിതാക്കന്മാർ നല്കിയിട്ടുള്ള പാരമ്പര്യങ്ങളും പരിഗണിക്കണം.
3. സഭയുടെ വിശ്വാസസത്യങ്ങൾ നിഷേധിച്ചുകൂടാ.
4. പൗരോഹിത്യസ്ഥാനികൾ സ്ഥാനപതികളായി പ്രവൎത്തിച്ചു പല കൃപാവരങ്ങളും കൊടുക്കുന്നു.
5. കൂദാശകൾ രക്ഷയ്ക്കു് അത്യാവശ്യമായ കൃപാമാൎഗ്ഗങ്ങളാണു്.
6. വിശ്വാസവും പ്രവൃത്തിയുംകൂടിച്ചേൎന്നാണു രക്ഷ അനുഭവത്തിലായി വളരുന്നതു്. (വിശ്വാസം എന്നതിനു ക. സ. യും പ്രോട്ടസ്റ്റാൻറുകാരും തമ്മിൽ നിൎവ്വചനവ്യത്യാസം ഉണ്ടു്)
7. ക. സ. യ്ക്കു ശരീരവും ആത്മാവും ഉണ്ടു്. ബാഹ്യമായ സംഘടനയാണു ശരീരം; കൃപാവരങ്ങൾ ആത്മാവും. ഈ ശരീരത്തിലും ആത്മാവിലും ഉൾപ്പെട്ടിരിക്കണമെന്നാണു ക്രിസ്തുവിൻറ കല്പന.
8. ക്രിസ്തുവിൻറ മൗതികശരീരമായ (Mystical Body) ക. സ. യിൽക്കൂടിയാണു രക്ഷ തേടേണ്ടതു്. ക്രിസ്തുവിനെ ദൃശ്യമായ ഏക സഭയിൽനിന്നു വേർപെട്ടു ക. സ. കാണുന്നില്ല. ക്രിസ്തുവും സഭയും, തലയും ശരീരവും ആണു്.

### പ്രോട്ടസ്റ്റാൻറിസം

1. വ്യക്തി തന്നെത്താൻ പഠിച്ചുകൊൾക.
2. ബൈബിൾമാത്രം നോക്കിയാൽ മതി.
3. ഒരാൾക്കിഷ്ടമുള്ള വിശ്വാസസത്യം സ്വീകരിക്കാം.

www.malankaralibrary.com

4. കൃപാവരങ്ങൾ പ്രാപിക്കാൻ യാതൊരു മദ്ധ്യസ്ഥന്റേയും ആവശ്യമില്ല.

5. കൂദാശകൾ ഒരാളുടെ ഇഷ്ടമനുസരിച്ചു കൈക്കൊള്ളുകയോ കൈക്കൊള്ളാതിരിക്കുകയോ ചെയ്യാം. [രക്ഷാമാൎഗ്ഗ്യം കോപ്ലേഴ്സ്, ഇവൎക്കു കൂദാശകൾ ഒന്നുംതന്നെ ഇല്ലെന്നാണ് അറിവ്]

6. വിശ്വാസത്താൽമാത്രം രക്ഷ ഉണ്ടാകുന്നു.

7. സഭ കാണപ്പെടുന്ന ഏകസംഘമല്ല. വീണ്ടും ജനിച്ചവർമാത്രംചേൎന്ന അദൃശ്യമായ ഒന്നാണ്.

8. സഭയിൽക്കൂടിയല്ല, നേരിട്ടു ക്രിസ്തുവിൽക്കൂടിയാണു രക്ഷ തേടേണ്ടതു്.

ക. സ. യിലെ വിശുദ്ധന്മാരുടെ ജീവചരിത്രം ആഴമായി പഠിക്കുമ്പോൾ "അവർ വിശ്വാസം" എന്ന പദത്താൽ സൂചിപ്പിക്കുന്നതു ദൈവം വെളിപ്പെടുത്തിയ വളരെ ക്ലിഷ്ടവും ഖണ്ഡിതവും ഉന്നതവും ശക്തിയേറിയതുമായ സത്യങ്ങളാണെന്നു കാണുന്നു. അപ്രമാദിത്വമുള്ള ഒരു സഭയുടെ അദ്ധ്യാപനത്തിനു വിധേയരായിരിക്കുന്നതുകൊണ്ടാണ് ആ തരത്തിലുള്ള ഒരു വിശ്വാസം അവൎക്കുണ്ടാകുന്നതു്.

പ്രോട്ടസ്റ്റാൻറുമതങ്ങൾ, പൊതുവെപറഞ്ഞാൽ, വിശ്വാസത്തെ രണ്ടായി തരംതിരിക്കുന്നു: (1) രക്ഷണ്യവിശ്വാസം (Saving Faith). ഇതു ക്രിസ്തു എന്ന ആളിൽ (സഭയുടെ തലയിൽമാത്രം) ഉള്ള ഒരാശ്രയം. ഈ ആശ്രയത്തെ (Hope & Love.) ക്രിസ്തുവിലുള്ള ശരണത്തിലും സ്നേഹത്തിലും ഉൾക്കൊണ്ടിരിക്കുന്നതായി ക. സ. പറയുന്നു എന്നാണു ഞാൻ ഗ്രഹിച്ചതു്. (2) പൊതുവിശ്വാസം (Common Faith). അതായതു്, വിശ്വാസസത്യങ്ങൾ. ഈ സത്യങ്ങളിൽ പ്രോട്ടസ്റ്റാൻറുസഭകൾ ഭിന്നിക്കുന്നു. ക. സ. വിശ്വാസം എന്നു പറയുന്നതു് ഈ അൎത്ഥത്തിലാണെന്നു പറഞ്ഞല്ലോ. അതിൽ

www.malankaralibrary.com

ഭിന്നാഭിപ്രായം വന്നുകൂടെന്നുള്ളതു ക. സ. യുടെ നിർബന്ധമാണു്. പ്രോട്ടസ്റ്റാൻറുകാർക്കു പൊതുവിശ്വാസത്തിൻെറ നിർണ്ണയമാർഗ്ഗം അവരവരിലും, കത്തോലിക്കർക്കു് അതു് അപ്രമാദിത്വസഭയിലുമാണു്. പ്രോട്ടസ്റ്റാൻറുകാരുടെ സ്വാതന്ത്ര്യം എന്നു പറയുന്നതു പ്രധാനമായി ഇതാണു്. കത്തോലിസത്തിൻെറ മേന്മയായി ഞാൻ കണ്ടതു്, പ്രോട്ടസ്റ്റാൻറുകാരെപ്പോലെ സ്വന്തം യുക്തിയിൽ ആശ്രയിക്കാതെ കത്തോലിക്കർ പ്രധാനമായി ദൈവികാധികാരത്തിൽ ആശ്രയിക്കുന്നു എന്നുള്ളതത്രേ. അവരുടെ യുക്തിയെ ദൈവികാധികാരത്തിനു വിധേയമാക്കുന്നു. ദൈവികാധികാരമുള്ള ഒരു സഭ ഉണ്ടെന്നുള്ള ബോധംകൊണ്ടാണല്ലോ വിശ്വാസപ്രമാണത്തിൽ "ഏകസഭയിൽ വിശ്വസിക്കുന്നു" എന്നു നാം ചൊല്ലുന്നതു്. ഈ ഏകസഭയെ കണ്ടുപിടിക്കുവാൻ ദൈവകൃപതന്നെ വേണം.

ക. സ. യുടെ ബാഹ്യൈക്യം ഈ വിശ്വാസൈക്യത്തിലാണു നിലകൊള്ളുന്നതു്. പ്രോട്ടസ്റ്റാൻറുസഭകൾ ഈ വിശ്വാസസത്യങ്ങളിൽ പരസ്പരം അനൈക്യത്തിലിരിക്കുന്നു. വേദപുസ്തകത്തെ അവനവനു വ്യാഖ്യാനിക്കാമെന്നുള്ള സ്വാതന്ത്ര്യംമൂലം ഓരോരുത്തനും ഓരോ മതം ഉള്ളവനായിത്തീരുന്നു. വിശ്വാസത്തിലുള്ള ഈ അനൈക്യം ക്രിസ്തു അനുവദിച്ചിട്ടുണ്ടോ എന്നു രണ്ടാം അദ്ധ്യായത്തിൽ നമുക്കു ചർച്ച ചെയ്യാം.

വേദവാക്യങ്ങളുടെ ദുർഗ്രഹത, ഇതരസംശയങ്ങളുടെ കുഴപ്പങ്ങൾ ഇവ വരുമ്പോൾ കത്തോലിക്കൻ സ്വന്തം ജ്ഞാനത്തിലും ബുദ്ധിയിലും ആശ്രയിക്കാതെ അപ്രമാദിത്വസഭയുടെ പഠിപ്പിക്കലിനു വിധേയനായി സ്വസ്ഥത അനുഭവിക്കുന്നു. പ്രോട്ടസ്റ്റാൻറിസത്തിൽ സംശയങ്ങൾ അലട്ടുമ്പോൾ കത്തോലിസത്തിൽ ആദ്ധ്യാത്മികരംഗത്തു് ഒരു ധൈര്യം ലഭിക്കുന്നു.

www.malankaralibrary.com

കത്തോലിസിസവും പ്രോട്ടസ്റ്റാൻറിസവും യോജിപ്പിക്കുവാൻ സാധിക്കുമോ എന്നുള്ള ഒരു പരിശ്രമമായിരുന്നു എന്റെ വേദവ്യാഖ്യാനത്തിൽ ഉദ്ദേശിച്ചിരുന്നതു്. എന്തെന്നാൽ, രണ്ടിലേയും നന്മകൾ ചേൎന്നതാണു യാ. സ. എന്നു ഞാൻ തെററിദ്ധരിച്ചിരുന്നു. അവ രണ്ടും യോജിപ്പിക്കുവാൻ ഒരു മാൎഗ്ഗവും ഇല്ലെന്നും രണ്ടിലൊന്നു തെരഞ്ഞെടുക്കുകയേ നിവൃത്തിയുള്ളു എന്നും വന്നപ്പോൾ എന്റെ ഉത്തമബോധപ്രകാരം കത്തോലിസം തെരഞ്ഞെടുത്തു് ഈ വിശ്രമത്തിൽ വന്നെത്തി. പ്രോട്ടസ്റ്റാൻറിസം തെരഞ്ഞെടുത്തെങ്കിൽ ഞാൻ നടുക്കടലിൽ വീണും അലയുമായിരുന്നു.

19 നൂററാണ്ടുകളോളം പാതാളവാതിലുകൾ ബലം ചെയ്തു നോക്കിയിട്ടും ക. സ. ക്ഷയിക്കുകയോ ബലഹീനയാവുകയോ ചെയ്യാത്തതു്, ക്രിസ്തുവിന്റെ മൗതികശരീരം അതുതന്നെയെന്നു് ഒരു ധൈര്യം എനിക്കു തന്നു.

ക. സ. യുടെ പരമാധികാരം നമ്മെ അടിമകളാക്കുന്നില്ല. അവിശ്വാസങ്ങളുടെ കൊടുങ്കാററിൽ നാം അലയാതെ നമ്മെ ദൈവികാധികാരത്തിൽ നിറുത്തുന്നതിനു സഹായിക്കുകയാണു്. പരമാധികാരമില്ലാത്ത സഭകൾ ഛിന്നഭിന്നമാകുന്നതു ക്രൈസ്തവലോകചരിത്രം പഠിച്ചാൽ കാണാം. കത്തോലിക്കരുടെ ഐക്യത്തിന്റെ കേന്ദ്രം ക്രിസ്തുവിന്റെ ഏകവികാരിയെ അനുസരിക്കുന്ന എന്നതിലാണു്.

പത്രോസിൽ കടുകുമണിപോലെയിരുന്ന ഈ പരമാധികാരം നൂററാണ്ടുകൾകൊണ്ടു് അനേകം കൊടുങ്കാററുകളുടേയും പെശറുകളുടേയും ഇടയിൽക്കൂടി പ്രയോഗത്തിൽ വികസിച്ചിട്ടുണ്ടു്. ഒരു കുട്ടി ജനിച്ചുവളൎന്നു പുരുഷനാകുന്നതുപോലെ ഈ വികാസത്തെ ഞാൻ മനസ്സിലാക്കുന്നു. ഈ വികാസം ആവശ്യമായതുകൊണ്ടു ദൈവം അങ്ങനെ ആക്കിത്തീൎത്തതാകുന്നു.

സഭയുടെ ഏകതത്വത്തെ ക. സ. ഊന്നിപ്പറിപ്പിക്കു

www.malankaralibrary.com

മ്പോൾ, എന്റെ അറിവനുസരിച്ചു്, കിഴക്കൻസഭകൾ ശാഖാവാദവും (Branch Theory), പ്രോട്ടസ്റ്റാന്റുസഭകൾ ചിലതു ശാഖാവാദവും ചിലതു് അദൃശ്യസഭാവാദവും (Soul Theory) പഠിപ്പിക്കുന്നു. എനിക്കും ഈ തെററിദ്ധാരണകൾ ഉണ്ടായിരുന്നു. മനുഷ്യന്റെ സ്വാർത്ഥവും നിഗളവും ഏകസഭാതത്വത്തെ തകർത്തുകളഞ്ഞു. അപ്പോൾ ററു തത്വങ്ങൾ ആവിർഭവിച്ചു. വേർപെട്ടുപോയ ഭാഗങ്ങൾ ക്രിസ്തുവിന്റെ വികാരിയാകുന്ന ഷങ്ക് ഇരിക്കുന്ന ശരീരത്തോടു യോജിക്കണം.

ക. സ. യെ വെറും കർമ്മാചാരസഭ എന്നു കുററപ്പെടുത്തിപ്പറയുന്നവരുണ്ടു്. അങ്ങനെയെങ്കിൽ, ആ സഭയുടെ അനുസരണത്തിലിരുന്നു് ഇത്രയേറെ മഹാപുണ്യവാന്മാർ ഉണ്ടായതു് എങ്ങനെ? മററു സഭകളിൽ ഇത്രയേറയും ഇത്ര മികച്ചവരും ആയ പുണ്യവാന്മാരെ കാണുന്നില്ലല്ലോ. മററുസഭകളിൽ തങ്ങൾക്കു കിട്ടിയിട്ടുള്ള സത്യത്തെ ഉത്തമവിശ്വാസത്തിൽ പിൻഗമിച്ചിട്ടുള്ളവർ ക. സ. യുടെ ആത്മാവിലാണെന്നുള്ള തത്വം മുമ്പു പറഞ്ഞുകഴിഞ്ഞിട്ടുണ്ടു്. ക. സ. യുടെ നില എന്തെന്നാൽ, പ്രായമുള്ള ഒരുത്തൻ വിശ്വാസത്താലും മാമ്മോദീസായാലും രക്ഷയ്ക്കു് അവകാശിയായിത്തീരുന്നുവെന്നാണു്. മക്കോ. 16: 16-ൽ "വിശ്വസിക്കുകയും സ്നാനം ഏല്ക്കുകയും ചെയ്യുന്നവൻ രക്ഷപെടും" എന്നെഴുതിയിരിക്കുന്നതു ശ്രദ്ധിക്കുക. രക്ഷയ്ക്കു് അവിടെ രണ്ടു കാര്യങ്ങൾ വ്യക്തമായി കർത്താവുതന്നെ പഠിപ്പിച്ചിരിക്കുന്നു. ആ വാക്യത്തെ വിശ്വസിക്കുന്നവർ അതിനെ അനുസരിക്കണം. ഇങ്ങനെ, ഒരുവന്റെജീവിതത്തിൽ ആരംഭിക്കുന്ന രക്ഷ പടിപടിയായി പ്രാർത്ഥനകളെക്കൊണ്ടും കർബ്ബാന മുതലായ കൂദാശകളെക്കൊണ്ടും വളർന്നുവരുന്നു. റോമ്മാലേഖനത്തിൽ വിശ്വാസത്താലുള്ള നീതീകരണം എന്നു പറയുന്നതിനെ ക. സ. വ്യാഖ്യാനിക്കുന്നതു ക്രിസ്തുവിലുള്ള ശരണവും സ്നേഹവും ഉ

www.malankaralibrary.com

ങ്ങളായിരിക്കുന്നതിനുപുറമേ ക്രിസ്തു പഠിപ്പിക്കുന്ന സത്യങ്ങളിൽ അനുസരണവും വേണമെന്നാണു്. സഭയെ ക്രിസ്തു എന്നുതന്നെ പൗലോസു പഠിപ്പിച്ചിട്ടുണ്ടു്. I കൊറി. 1: 12, 13. "ഞാൻ മിശിഹായ്ക്കുള്ളവനാകുന്നു എന്നു പറയുന്ന ചിലരും നിങ്ങളിലുണ്ടു്. മിശിഹാ ഒരുപക്ഷേ വിഭാഗിക്കപ്പെട്ടിരിക്കുന്നുവോ?". അവിടെ സഭയെ ക്രിസ്തു എന്നു പറഞ്ഞിരിക്കുന്നതു് നോക്കുക, ക്രിസ്തുവും തന്റെ സഭയെ ക്രിസ്തു എന്നുതന്നെയാണു പഠിപ്പിക്കുന്നതു്. പ്രവൃ. 9: 4; 22: 7; 26: 14. "അവൻ നിലത്തുവീണു ശാവോൽ ശാവോൽ നീ എന്നെ പീഡിപ്പിക്കുന്നതെന്തു്." നിസ്സായിലെ മാർ ഗ്രിഗോറിയോസു് എഴുതിയിട്ടുണ്ടു്, പൗലോസ്ശ്ലീഹാ സഭയെ ക്രിസ്തു എന്നു പറഞ്ഞിരിക്കുന്നുവെന്നു്. അതിനാൽ, തന്റെ സഭയെ വിട്ടിട്ടുള്ള ഒരു ക്രിസ്തുവിനെ സങ്കല്പിക്കുന്നതു ചിന്താക്കുഴപ്പമാണു്. അതാണുപലരേയും അബദ്ധത്തിൽ പതിപ്പിക്കുന്നതു്. രക്ഷ വരുന്നതിനു സന്മാർഗ്ഗപ്രവൃത്തികൾ ആവശ്യമാണു്. ഫിലി. 2; 12. I കൊറി 9: 27. യാക്കോബിന്റെ ലേഖനം മുതലായവ നോക്കുക. കൂദാശകൾ ദൈവത്തിന്റെ സൗജന്യമായ കൃപാവരങ്ങളെ തരുന്നതിനു ദൈവം നിശ്ചയിച്ചിരിക്കുന്ന മാർഗ്ഗങ്ങളാണു്. ദൈവത്തിനു മറുവിധത്തിൽ കൊടുക്കുക അസാദ്ധ്യമാണെന്നു ക. സ. പഠിപ്പിക്കുന്നില്ല. വെളിപ്പെടുത്തിത്തന്നിട്ടുള്ള മാർഗ്ഗങ്ങളെയാണു കൂദാശകൾ എന്നു പറയുന്നതു്. സൗജന്യരക്ഷയും കൂദാശകളും സന്മാർഗ്ഗപ്രവൃത്തികളും തമ്മിൽ പൊരുത്തമില്ലെന്ന പ്രോട്ടസ്റ്റാന്റു ചിന്താഗതി നിർമ്മലസുവിശേഷമല്ല. യഥാർത്ഥ സുവിശേഷത്തിൽനിന്നു പലതും വെട്ടിക്കളഞ്ഞ ഒററതെററായ സുവിശേഷമാണതു്. മൂക്കു ഛേദിച്ചുകളഞ്ഞാൽ മുഖം എങ്ങനെയിരിക്കും? അതുപോലെ, അല്പസത്യം പറയുന്ന സുവിശേഷത്തിനു് ഒരു ഭയങ്കരതയുണ്ടു്. ദൈവത്തിന്റെ ഭണ്ഡാരത്തിൽ വച്ചിരിക്കുന്ന സൗജന്യമായ രക്ഷ നമ്മുടെ സഹകരണത്തോടു

www.malankaralibrary.com

കൂടെ പ്രാപിക്കുന്നതിനുള്ള ദൈവികമാർഗ്ഗങ്ങളാണു കൂദാശകൾ. മനുഷ്യവതാരംതന്നെ ഒരു കൂദാശയാണു്. അപ്രത്യക്ഷനന്മയ്ക്കുള്ള പ്രത്യക്ഷമാർഗ്ഗം എന്നാണു് അതിന്റെ തത്വം.

ക്രിസ്തു തന്റെ മനുഷ്യാവതാരശരീരംമൂലവും, മനുഷ്യാവതാരശരീരത്തോടുകൂടെ ലോകത്തിൽ ജീവിച്ചിരുന്നപ്പോൾ, രക്ഷ കൊടുത്തു. മനുഷ്യവതാരശരീരം സ്വർഗ്ഗത്തിലേക്കു് ആരോഹണം ചെയ്തശേഷം തന്റെ മൗതികശരീരംമൂലം തന്റെ സൗജന്യരക്ഷ കൊടുക്കുന്നു. എപ്പോഴും രക്ഷ കൊടുക്കുന്നതു ക്രിസ്തുതന്നെയാണു്.

കത്തോലിക്കരിൽക്കാണുന്ന പല കുറവുകളെ യഥാർത്ഥ കത്തോലിസമാക്കിയും, അതിലെ അറിവില്ലാത്തവരുടെ വല്ല അന്ധതയേയും എടുത്തു പൊക്കിക്കാണിച്ചു് അതിനെ ക. സ. യുടെ പഠിപ്പിക്കലാക്കിയും, പല കെട്ടുകഥകളേയും ചരിത്രമാക്കിയും, അതിൽപ്പെട്ട കളകളാകുന്ന അഭക്തന്മാരുടെ പ്രവൃത്തികളെ ക. സ. യുടെ അംഗീകരിക്കപ്പെട്ട രീതിയാക്കിയും, ഏതെങ്കിലും ഒരു പ്രധാനാംശത്തിന്റെ അഭിപ്രായം അപ്രമാദിത്വവിശ്വാസമായി പ്രഖ്യാപിക്കപ്പെട്ടതാണെന്നു തെററിധരിപ്പിച്ചും, ഒരു അച്ചടക്കനടപടിയെ ആരെങ്കിലും ലംഘിച്ചാൽ അതു് അപ്രമാദിത്വപ്രഖ്യാപനത്തെ ലംഘിച്ചതിനു് ഉദാഹരണമാക്കിയും മററും ആക്ഷേപിക്കുന്നതു നേരുള്ളവർക്കു ചേർന്നതല്ല. ഇങ്ങനെയുള്ള പീരങ്കിവെടികൾകൊണ്ടു് ഈ ഹിമാലയപർവ്വതത്തെ ആർട്ടിക്കുസമുദ്രത്തിൽ മുക്കിക്കളയുവാനും സാദ്ധ്യമല്ല. പിതാവായ ദൈവത്തിന്റെ അധികമഹത്വത്തിനു ഫലം ധാരാളം പുറപ്പെടുവിക്കുന്ന മുന്തിരി ഏതാണെന്നു ന്യായ്യമായി വിധിക്കുക. കാട്ടുമുന്തിരി ഏതാണെന്നും ഫലംകൊണ്ടറിയരുതോ? അവരവരുടെ സഭ നല്ലതെന്നു പറഞ്ഞിട്ടു് എന്തു ഫലം? ദൈവത്തിന്റെ സഭ ഏതെന്നല്ലേ അറിയേണ്ടതു്? നില്ക്കുന്നിടത്തു നില്ക്കുന്നതു് ദേവക

www.malankaralibrary.com

ഷ്ണമായെന്നു ചിലർ പറയുന്നുണ്ടെങ്കിലും നില്ക്കേണ്ടടത്തു നിന്നാലേ രക്ഷയിൽ എത്തുകയുള്ളൂ.

ക. സ. അപ്പോസ്തലികസഭയല്ല എന്ന് ഒരു തെററിദ്ധാരണ പലർക്കും ഉണ്ട്. അപ്പോസ്തലകാലത്തു കാണാത്ത പലതും അതിൽ ഉണ്ടെന്നാണ് അവരുടെ ആക്ഷേപം. എന്നാൽ, അപ്പോസ്തലവിശ്വാസത്തിൽ അന്തർലയിച്ചിരുന്നതും ബൈബിളിലും ദൈവികപാരമ്പര്യങ്ങളിലും ഉള്ളതും ആയവ വികസിതമായിട്ടുണ്ടെന്നേയുള്ളൂ. ഒരു ചെടി ഒരു വൃക്ഷമാകുന്നപോലെ ആ വികസനത്തെ ഗണിക്കുക. മുരടിച്ച ചെടി നട്ടവണ്ണം ഇരിക്കും. ജീവനുള്ളതു വളരും. ആ ചെടിയിൽ അല്പം ഇല്ലാത്തത് ഒന്നും വളരുകയില്ല. കോഴിമുട്ടയിൽ നിന്നുതന്നെ കോഴിപ്പൂവൻ ഉണ്ടായിവരുന്നപോലെ ഇതു ഗ്രഹിക്കാം.

ക്രിസ്തു തന്റെ പിൻഗാമികൾക്കുണ്ടായിരിക്കണമെന്നു പ്രാർത്ഥിച്ച ഐക്യം ഏതു സഭയിൽ കാണുന്നു? നമുക്കു വേണമെന്നു ക്രിസ്തു കല്പിച്ച സ്നേഹത്തിന്റെ നിരവധി ശുശ്രൂഷകൾ ഏതു സഭയിൽ കാണുന്നു? "ഒരു വിശ്വാസം, ഒരു കർത്താവ്," എന്നു പറഞ്ഞിരിക്കുന്ന പഠനത്തിന്റേയും മനത്തിന്റേയും ഐക്യം പ്രായോഗികമായിക്കാണുന്ന സഭയേത്? ലോകത്തിന്റെ മുഴുവൻ വെളിച്ചമായിരിക്കണമെന്നു കർത്താവു പറഞ്ഞിട്ടുള്ളതനുസരിച്ചു ലോകം മുഴുവനും ഏകവിശ്വാസത്തിന്റെ സുവിശേഷം പ്രസംഗിക്കുന്ന സഭ ഏത്? അപ്പോസ്തലികസഭയിൽ ഉണ്ടായിരുന്നപോലെ ദിവസംതോറും ദിവ്യപൂജ അനുഷ്ഠിക്കുന്ന ഏകസഭ ഏത്? ഒരു പ്രിയമാതാവിനെപ്പോലെ അതിന്റെ മക്കളുടെ കാര്യത്തിൽ ഇത്രയേറിയ സ്ഥാപനങ്ങൾ നടത്തി സംരക്ഷിക്കുന്ന സഭ ഏത്? 19 നൂററാണ്ടുകളായി പാതാളവാതിലുകൾ മഹാസമരം ചെയ്തിട്ടും ക്ഷയിക്കാതിരിക്കുന്ന സഭ ഏത്? മതം മനുഷ്യരിൽനിന്നും ക്ഷയിക്കുന്ന ഇക്കാലത്തും പുണ്യവാന്മാരേ

www.malankaralibrary.com

യും രക്തസാക്ഷികളേയും ദൈവത്തിനു കാഴ്ചവെച്ചുകൊണ്ടിരിക്കുന്ന സഭ ഏതു്?

യാ. സ. യെ ഞാൻ പരിഹസിക്കുകയല്ല. മാതൃസഭയിൽനിന്നും വേർപെട്ടതിനാൽ ഞാൻ ജനിച്ചു് ഇതുവരെ വളൎന്ന സഭ ക്ഷയിക്കുന്നുവല്ലോ എന്നു ഞാൻ സങ്കടപ്പെടുകയാണു്. എനിക്കു പ്രസംഗങ്ങൾ പറയുവാനും ധ്യാനങ്ങൾ നടത്തുവാനും ബൈബിൾക്ലാസുകൾ നടത്തുവാനും പുസ്തകങ്ങൾ രചിപ്പാനും ജ്ഞാനം കിട്ടിയതു യാ. സ. യിലെ പുസ്തകങ്ങൾകൊണ്ടു മാത്രമല്ല, അധികവും മററു പുസ്തകങ്ങൾകൊണ്ടാണു്. സ്വന്ത വീട്ടിലെ പട്ടിണികൊണ്ടു് അയൽവീട്ടിൽച്ചെന്നു കഞ്ഞിവെള്ളം വാങ്ങിക്കുടിച്ചു ജീവിച്ചു. ഈ നിലയിൽ യാ. സ. ഒരു നൂററാണ്ടുകൂടെ കഴിയുമ്പോൾ വളരെ ശോഷിച്ചേക്കാം.

സഹിച്ചും വഹിച്ചും എനിക്കു് ഇനി കുറച്ചുകാലംകൂടി യാ. സ. യിൽ ജീവിക്കാമായിരുന്നില്ലേ? ദൈവം ക. സ. തന്റെ ശരീരമാണെന്നും യാ. സ. അതിൽനിന്നും ഛേദിക്കപ്പെട്ടതാണെന്നും ബോധ്യപ്പെട്ടതായിരുന്നില്ലെങ്കിൽ അങ്ങനെ ജീവിക്കാമായിരുന്നു. മതം ഒരു ആഡംബരമാത്രം ആക്കിയിരുന്നവർക്കു യാ. സ. യിലോ മറെറതെങ്കിലും സഭയിലോ ജീവിക്കാം. എന്നാൽ, ഒരു സഭയുടെ നില തെററാണെന്നു് ഉത്തമബോധ്യം വന്നതിനുശേഷം അതിൽ ജീവിച്ചാൽ ദൈവത്തെ ധിക്കരിക്കുകയല്ലേ? ജീവിതം മുഴുവനും മതസത്യത്തിനുവേണ്ടി ഒഴിഞ്ഞുവച്ചിരിക്കുന്ന ഒരു ദൈവരാജ്യത്തിന്റെ ഭടനു മതത്തെ ഒരു വിനോദമായിക്കരുതുവാൻ നിർവ്വാഹമില്ല. ഇതു് എന്റെ ജീവന്മരണപ്രശ്നമാണു്. യാ. സ. യിലെ കുരിശു സഹിക്കാൻ പാടില്ലേ എന്നു ചോദിച്ചു് എനിക്കു് എഴുത്തുകൾ ചിലർ അയച്ചു. ക്രിസ്തുവിന്റെ കുരിശു് ചുമക്കാം. ക്രിസ്തുവിന്റേതല്ലാത്ത കുരിശു് ചുമക്കുവാൻ തയ്യാറായില്ലെന്നേ അതിനു് എനിക്കു മറുപടിയുള്ളൂ.

www.malankaralibrary.com

ആദിമ അവിഭക്തസഭയിലെ പിതാക്കന്മാർ ഉയിർത്തെഴുന്നേററുവന്നു നിഷ്പക്ഷമായി ലോകത്തിലെ അഞ്ഞൂറോളം സഭകളെ വീക്ഷിച്ചാൽ ക. സഭയെ ആദിമസഭയുടെ തുടർച്ചയാണെന്നു തിരിച്ചറിയുമെന്നതിൽ എനിക്കു ഒരു സംശയവുമില്ല.

'സഭയിൽ വിശ്വസിക്കുന്നു' എന്നു ചൊല്ലുന്നവർ ഒരു ദൃശ്യസഭ കർത്താവു സ്ഥാപിച്ചിരിക്കെ അതു ലോകാവസാനത്തോളം ഉണ്ടായിരിക്കുമെന്നു കാണുമ്പോൾ, ഏതു സഭയിലാണു വിശ്വസിക്കേണ്ടതു് എന്നു പരമാർത്ഥമായി തങ്ങളുടെ മനഃസാക്ഷിയോടു ചോദിക്കുകയും സത്യം കാണിച്ചുതരുവാൻ ദൈവത്തോടു പ്രാർത്ഥിക്കുകയും ചെയ്യേണ്ടതാണു്. ആ ഏക ദൃശ്യസഭ യാ. സഭയാണെന്നു നിങ്ങളുടെ മനഃസാക്ഷി നിസ്സംശയം പറയുമോ? യാ. സഭയിൽ വിശ്വാസമില്ലാത്ത പല യാക്കോബായക്കാരേയും എനിക്കറിയാം.

യാക്കോബായസഭയിലെ സത്യാന്വേഷകന്മാർ എന്നെ സമീപിച്ചാൽ അവരുടെ സംശയങ്ങൾ തീർക്കുവാൻ കഴിവുള്ളവരുടെ അടുക്കൽ ഞാൻ അവരെ കൊണ്ടുപോകാം. പുസ്തകങ്ങൾ ചൂണ്ടിക്കാണിക്കാം. എന്റെ പരിവർത്തനം നിങ്ങളു മുമ്പിൽ ദൈവം വയ്ക്കുന്ന ഒരവസരമാണു്. സത്യം അന്വേഷിച്ചുനോക്കുക. ദൈവം നടത്തുന്ന വഴിയേ നിങ്ങൾ പോയാൽമതി. ഇതാണു് എന്റെ വിനീതമായ അപേക്ഷ.

കൺവൻഷൻ നാം എത്ര നടത്തി! എത്ര ഇളക്കങ്ങൾ കണ്ടു! ഉണർത്തപ്പെടുന്നവരെ നയിക്കുവാൻ യാ. സഭയ്ക്കു കെല്പുണ്ടോ എന്നു നിങ്ങളുടെ അനുഭവത്തിൽനിന്നു ചിന്തിക്കുക. 20 വയസ്സുമുതൽ 60 വയസ്സുവരെ ഞാനെത്ര അദ്ധ്വാനിച്ചുവെന്നു് ദൈവം അറിയുന്നുണ്ടു്. ഈ അദ്ധ്വാനം സത്യസഭയിലായിരുന്നെങ്കിൽ എന്നു ഞാൻ ഓർക്കുന്നു. ഞാൻ യാ. സഭയിൽനിന്നു പോകുന്നതിൽ സന്തോഷമുള്ളവർ ഉണ്ടെന്നു് ഒരു ബ: അച്ചൻ എനിക്കെഴുതി. ക്രിസ്തുവിന്റെ രാജ്യത്തി



www.malankaralibrary.com

നവേണ്ടി മുഴുവൻസമയവും ചെലവിടുന്ന ഒരുത്തനല്ലാതെ, മററു ഉദ്യോഗവും ഇടയ്ക്കു സുവിശേഷവേലയും നടത്തുന്ന ഏതൊരാൾക്കും യാ. സഭയിൽ എനിക്കുണ്ടായിരുന്ന ബന്ധം അനുഭവപ്പെടുവാൻ സാദ്ധ്യമല്ല. എന്നെ യഥാർത്ഥമായി സ്നേഹിക്കുന്ന ചിലർ യാ. സഭയിൽ ഉണ്ടു്. അവർക്കു ഞാൻ കണ്ട മോക്ഷമാർഗ്ഗം എൻെറ പ്രവൃത്തിയാൽ ഞാൻ സാക്ഷിച്ചിരിക്കുന്നു. ഇനി അവർ നഷ്ടപ്പെട്ടു പോയാൽ അവരുടെ രക്തത്തിൽനിന്നു ഞാൻ ഒഴിയപ്പെട്ടവനായിരിക്കും. ഞാൻ വാദപ്രതിവാദത്തിനു് ഒരുമ്പെടുന്നില്ല. എനിക്കിനി പുതിയനിയമത്തിൻെറ ധ്യാനവ്യാഖ്യാനം എഴുതുവാനും ഭക്തജീവിതം നയിപ്പാനും ധ്യാനം മുതലായവ നടത്തുവാനും സമയം വേണം. തർക്കക്കാർ തർക്കത്തിൽ അവസാനിക്കട്ടെ.

ദൈവം ഇല്ലെങ്കിൽ സ്വർഗ്ഗം എന്തായിരിക്കും! ക. സഭയില്ലെങ്കിൽ ലോകം എന്തായിരിക്കും! "യഹോവ പട്ടണത്തെ പണിയാതിരുന്നാൽ പണിക്കാരൻ വൃഥാ അദ്ധ്വാനിക്കുന്നു. യഹോവാ പട്ടണത്തെ കാക്കാതിരുന്നാൽ കാവൽക്കാരൻ വൃഥാ ഉറക്കമിളയ്ക്കുന്നു." യാ. സഭയിലേ വേലക്കാർ ഇതോർത്തുകൊള്ളണേ!

യാ. സഭയിൽ നാം കണ്ടു പരിചയിച്ച ആരാധനക്രമങ്ങൾതന്നെയാണു കത്തോലിക്കാസഭയിലെ മലങ്കര സുറിയാനിറീത്തിനു അനുവദിച്ചിട്ടുള്ളതു്. ക. സഭയിലേ പഞ്ചാംഗവും പെസഹാക്കണക്കും യാ. സഭ സ്വീകരിച്ചു. ഇനി പരമാധികാരിയായ ക്രിസ്തുവിൻെറ വികാരിയെക്കൂടി സ്വീകരിച്ചാൽ മതി.

ശൗൽ യഹൂദനായിത്തന്നെ ജീവിച്ചിരുന്നെങ്കിൽ എത്ര വലിയ കൃപാദാനങ്ങൾ നഷ്ടപ്പെടുത്തുമായിരുന്നു. അവൻ ലാഭമായിരുന്നതു ചേതമായി എണ്ണി. തൻെറ പ്രാണനെ അവൻ വിലയേറിയതായി എണ്ണിയില്ല.

സെൻറ് അഗസ്റ്റിൻ പറയുന്നു: "എൻെറ ഹൃദയമാകു

www.malankaralibrary.com

ന്ന വിളക്കിൽ രക്തമാകുന്ന എണ്ണ ഒഴിച്ചു ഞരമ്പുകളാകുന്ന തിരികൾ കത്തിച്ചു സകലവും ദഹിപ്പിച്ചു ക്രിസ്തുവിനുവേണ്ടി ഹോമയാഗമായിത്തീരണം."

ഈ ഗംഭീരാശയത്തിന്റെ കൂട്ടായ്മയിൽ യേശുമിശിഹായുടെ ശിഷ്യനായി ക. സഭയാകുന്ന പറുദീസായിൽ എന്നെ ദൈവം പ്രവേശിപ്പിച്ച് എന്റെ ആത്മീയ സങ്കടങ്ങൾക്കു പരിഹാരം തന്നിരിക്കുന്നു. എന്റെ ശരീരത്തെ ഒരു ഹോമബലിയായി ഞാൻ അർപ്പിച്ചുകൊള്ളുന്നു.

## രണ്ടാം അദ്ധ്യായം

# ഞാൻ കത്തോലിക്കാസഭയിൽ

(1) തന്റെ സഭ പരിപൂർണ്ണാധികാരമുള്ളതായിരിക്കണമെന്നു യേശുമിശിഹാ ഉദ്ദേശിച്ചിട്ടുണ്ടോ? (2) തന്റെ സഭ ഏക വിശ്വാസം പഠിപ്പിക്കുന്നതായിരിക്കണമെന്ന് അവിടുന്നു കരുതിയിട്ടുണ്ടോ? (3) തന്റെ സഭ മനുഷ്യർക്ക് ഒരദ്ധ്യാപികയായിരിക്കണമെന്ന് അവിടുന്നു നിശ്ചയിച്ചിട്ടുണ്ടോ? (4) തന്റെ സഭയെ മനുഷ്യർ അനുസരിക്കണമെന്ന് അവിടുന്നു വ്യവസ്ഥ ചെയ്തിട്ടുണ്ടോ? (5) തന്റെ സഭ ദൃശ്യമായിരിക്കണമെന്ന് അവിടുന്ന് ഉദ്ദേശിച്ചിട്ടുണ്ടോ? (6) തന്റെ സഭയുടെ ഐക്യത്തിന്റെ കേന്ദ്രവും അവസാനതീർപ്പുചെയ്‌വാനുള്ള അധികാരവും ഒരു പരമാധികാരിയിൽ നിലനില്ക്കണമെന്നു കർത്താവ് ഉദ്ദേശിക്കുന്നുണ്ടോ?

ഈ ചോദ്യങ്ങളെ മനസ്സിൽവച്ചുകൊണ്ടാണു ഞാൻ പരിശോധനകൾ ചെയ്തു തുടങ്ങിയത്. സഭയുടെ അധികാരം, ഐക്യം ഈ രണ്ടു വിഷയങ്ങളെപ്പററി ബൈബിൾ ഞാൻ പരിശോധിച്ചു.

www.malankaralibrary.com

ഏതു ക്രിസ്തീയസഭയിലേയും പരമാധികാരം മനുഷ്യസമുദായത്തേയും ബുദ്ധിയേയും അധ:പതിപ്പിക്കുമെന്നു ഞാൻ ഭയപ്പെട്ടിരുന്നു. മനുഷ്യന്റെ വ്യക്തിത്വത്തിനു് അതു ദോഷമായി ഭവിക്കുമെന്നു ഞാൻ ശങ്കിച്ചിരുന്നു. കർത്താവിന്റെ ഉപദേശത്തിനു് അതു വിപരീതമാണെന്നു ഞാൻ സംശയിച്ചിരുന്നു. എന്നാൽ, കൂടുതൽ പരിശോധിച്ചപ്പോൾ ക്രിസ്തുവിനെ അനുസരിക്കണമെങ്കിൽ അവിടുന്നു സ്ഥാപിച്ച സഭയുടെ പരമാധികാരത്തെ അനുസരിച്ചേ മതിയാവൂ എന്നു നിഗമനത്തിൽ വന്നെത്തി.

(യാ. സഭയിലെ എന്റെ മിത്രങ്ങളെ ഉദ്ദേശിച്ചു് ഇതെഴുതുന്നതിനാൽ അവർ സാധാരണ ഉപയോഗിക്കുന്ന സി. എം. എസ് തർജ്ജമയിലെ ബൈബിൾ വാക്യങ്ങൾതന്നെ ഉദ്ധരിക്കുന്നതാണു്.)

ക്രിസ്തു അധികാരത്തോടെയാണു തന്റെ സിദ്ധാന്തങ്ങൾ പഠിപ്പിച്ചതു്. യുക്തിവാദംചെയ്തു സ്ഥാപിക്കുകയല്ലായിരുന്നു അവിടുത്തെ സർവ്വസാധാരണമായ രീതി. ഈ അധികാരം എവിടെനിന്നാണു കർത്താവിനു ലഭിച്ചതു്? (യോഹ: 8, 42.) "ഞാൻ സ്വയമായി വന്നവനല്ല; അവൻ എന്നെ അയച്ചതാകുന്നു." (യോഹ. 7, 16). "എന്റെ ഉപദേശം എന്റേതല്ല; എന്നെ അയച്ചവന്റേതത്രേ."

ഇനി ക്രിസ്തു തന്റെ അധികാരം സഭയ്ക്കു കൊടുക്കുന്ന ചില വാക്യങ്ങൾ കാണിക്കാം.

മത്താ: 16, 19. "സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ ഞാൻ നിനക്കു തരുന്നു."

ഇവിടെ 'താക്കോൽ' എന്ന തർജ്ജമ തെററാണു്. "താക്കോലുകൾ" എന്നു വേണം. പാമ്പാക്കുട തർജ്ജമയോ ഇംഗ്ലീഷ് ബൈബിളോ കാണുക. പത്രോസിനു് ഒരു താക്കോലല്ല സഭയുടെ താക്കോലുകളാണു കൊടുത്തതു്. പത്രോസിനു കൊടുത്ത സ്വർഗ്ഗരാജ്യത്തിന്റെ താക്കോലുകളുടെ അധികാര

www.malankaralibrary.com

ത്തിൽ സഭയിലേ സർവ്വാധികാരങ്ങളും ഉൾപ്പെടുന്നു. പത്രോസിന്ന് ആ താക്കോലുകൾ കൊടുത്തപ്പോൾ അദ്ദേഹം സാർവ്വത്രികസഭ മുഴുവനിലും അധികാരിയായിത്തീർന്നു.

മത്താ: 16: 19 "നീ ഭൂമിയിൽ കെട്ടുന്നതൊക്കെയും സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും. നീ ഭൂമിയിൽ അഴിക്കുന്നതൊക്കെയും സ്വർഗ്ഗത്തിലും അഴിഞ്ഞിരിക്കും."

പത്രോസ് സഭയുടെ താക്കോലുകൾ വഹിക്കുന്നവൻ എന്ന സ്ഥാനത്തു കെട്ടുവാനും അഴിക്കുവാനുമുള്ള പരമാധികാരവും പ്രാപിച്ചു. തന്മൂലം, സാർവ്വത്രികസഭയിൽ നിയമങ്ങൾ ഉണ്ടാക്കുവാനും നിയമങ്ങൾ അഴിപ്പാനും പാപങ്ങൾ മോചിപ്പാനും അധികാരം പ്രാപിച്ചു.

മത്താ: 18: 18. "നിങ്ങൾ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും. നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും അഴിഞ്ഞിരിക്കും." ഈ അധികാരം പത്രോസിനും പത്രോസിനോടുകൂടെ മററു ശ്ലീഹന്മാർക്കും കൊടുത്തു. മത്താ: 16: 19-ൽ പത്രോസിനു തനിച്ച് ആ അധികാരം മററു ശ്ലീഹന്മാരുടെ മുമ്പിൽ വച്ചുകൊടുത്തു. അതായതു്, മററു ശ്ലീഹന്മാരിൽനിന്നു വേർപെട്ട പത്രോസിനു തനിച്ച് ആ പരമാധികാരം കൊടുത്തു. അതിനു മററു ശ്ലീഹന്മാരേയും വിധേയരാക്കി. മത്താ: 18: 18-ൽ പത്രോസിനോടുകൂടെ അവർക്കെല്ലാവർക്കും പൊതുവായി പരമാധികാരംകൊടുത്തു. ആ പരമാധികാരമാണ് അവരുടെ സൂനഹദോസിനും ഉള്ളതു്.

സഭ പിമ്പുകാലത്തു് ഈ അധികാരം ഉപയോഗിച്ചിരുന്നു. പത്രോസു തനിച്ച് ഉപയോഗിച്ചതിന്റെ ഉദാഹരണങ്ങൾ നാലാം അദ്ധ്യായത്തിൽ പറയുന്നതാണ്. അവർ ഒരുമിച്ചു സൂനഹദോസു കൂടിയതിന്റെ ഉദാഹരണമാണു 'പ്രവൃത്തികൾ' 15-ാം അദ്ധ്യായം. ആ സൂന്നഹദോസിലും പത്രോസിനു പ്രാധാന്യം ഉണ്ടായിരുന്നതു 4-ാം അദ്ധ്യായത്തിൽ വിശദമാക്കാം. നിക്ക്യാ, കുസ്തന്തീനോപ്പോലീസ് ആദിയായ

www.malankaralibrary.com

സുന്നഹദോസുകളും മത്താ: 18: 18-ന്റെ അധികാരത്തിൽ പ്രവൎത്തിച്ചു.

മത്താ: 28: 18–20. "സ്വൎഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നല്കപ്പെട്ടിരിക്കുന്നു. ആകയാൽ, നിങ്ങൾ പുറപ്പെട്ടു പിതാവിന്റേയും പുത്രന്റേയും പരി: ആത്മാവിന്റേയും നാമത്തിൽ സ്നാനം കഴിപ്പിച്ചും, ഞാൻ നിങ്ങളോടു കല്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ടു സകല ജാതികളേയും ശിഷ്യരാക്കിക്കൊൾവിൻ. ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടുകൂടെയുണ്ടു്." (ഈ വാക്യങ്ങളുടെ തർജ്ജമ പാമ്പാക്കുട പുതിയ നിയമത്തിൽ ഉള്ളതാണു ശരിയായ രീതി). ഇവിടെ ഒരു പുസ്തകം എഴുതിക്കൊടുപ്പാനല്ല കല്പന. ഉപദേശിക്കുവാനാണു്. അതിനാൽ, സഭയ്ക്കു് ഉപദേശിക്കുവാൻ അധികാരമുള്ളതാണു്. ക്രിസ്തുവിൽ വിശ്വസിച്ചാൽമാത്രംപോരാ; മാമ്മോദീസാ മുങ്ങണം. അതുംപോരാ, കല്പനകളെ പ്രമാണിക്കണം. അങ്ങനെ വിശ്വാസസത്യങ്ങളെ അറിഞ്ഞു് അവയ്ക്കു വിധേയരായിരിക്കണം. എല്ലാനാളും സഭയോടുകൂടിയിരുന്നു ക്രിസ്തു അതിനെ നയിക്കുമെന്നും വാഗ്ദത്തം ഉണ്ടു്. "എല്ലാനാളും" എന്നു പറയുന്നതിനാൽ തുടൎച്ചയായിട്ടുണ്ടായിരിക്കും, ഇടമുറിയാതെ ഉണ്ടായിരിക്കും എന്നു ഗ്രഹിക്കണം. അതിനാൽ, സഭ ഇല്ലാതിരിക്കുന്ന ഒരു ദിവസവും കാണുകയില്ല. ശ്ലീഹന്മാരുടെ മരണംവരെയല്ല, ലോകാവസാനംവരെ ഉണ്ടായിരിക്കും. സഭയുടെ കാതോലികമായ സ്വഭാവം സകല ജാതികളേയും ശിഷ്യരാക്കുവാൻ കല്പിച്ചതിൽ കാണുന്നു. അതിനാൽ, സഭ സകല ജാതികളേയും ശിഷ്യരാക്കിക്കൊണ്ടിരിക്കണം. സഭയുടെ കാതോലികത്വം തത്വത്തിൽ കണ്ടാൽപോരാ, പ്രത്യക്ഷത്തിൽ കാണുവാനുള്ളതാകുന്നു.

മൎക്കോ: 16: 15–16. "നിങ്ങൾ ഭൂലോകമൊക്കെയുംപോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ. വ,

www.malankaralibrary.com

ശ്വസിക്കുകയും സ്നാനം ഏല്ക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും.”

സകല മനുഷ്യവർഗ്ഗത്തോടും ഏക സുവിശേഷം പ്രസംഗിപ്പാൻ ക്രമീകരിച്ചിരിക്കുന്ന ഏക സഭ ഏതാണെന്നു കണ്ടുപിടിക്കുവാൻ നമുക്കു കടമയുണ്ട്. പ്രസംഗിക്കുവാനുള്ള അധികാരവും സഭയ്ക്കുകൊടുത്തു. അതു കം. സഭ ഇന്നോളം ലോകത്തിന്റെ നാനാഭാഗങ്ങളിലും നിവ്വഹിച്ചുകൊണ്ടിരിക്കുന്നു. വിശ്വസിക്കണം എന്നതിൽ യേശുക്രിസ്തുവിൽ ശരണപ്പെടണം എന്നു മാത്രമല്ല അർത്ഥം, പഠിപ്പിക്കുന്ന സത്യങ്ങളെ വിശ്വസിക്കണം എന്നും അർത്ഥമുണ്ട്. വിശ്വസിക്കുമ്പോൾ ആശ്രയിക്കമാത്രമല്ല അനുസരിക്കകൂടിവേണം.

ഇനി ഒരു വലിയ അധികാരം കൊടുക്കുന്നതു പാപങ്ങളെ മോചിപ്പാനുള്ള അധികാരമാണ്.

യോഹ: 20: 21-23. “പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു എന്നു പറഞ്ഞു. ഇങ്ങനെ പറഞ്ഞശേഷം അവൻ അവരുടെമേൽ ഊതി അവരോട്: പ: ആത്മാവിനെ കൈക്കൊൾവിൻ, നിങ്ങൾ ആരുടെ പാപങ്ങൾ മോചിക്കുന്നുവോ അവർക്കു മോചിക്കപ്പെട്ടിരിക്കുന്നു. ആരുടെ പാപങ്ങൾ നിറുത്തുന്നുവോ അവർക്കു നിറുത്തിയിരിക്കുന്നു എന്നു പറഞ്ഞു.” പിതാവായ ദൈവം പുത്രനെ ലോകത്തിലേക്കയച്ചപ്പോൾ എങ്ങനെ അയച്ചുവോ അതേപ്രകാരമാണു സഭയെ ലോകത്തിലേക്ക് അയക്കുന്നതു്. “പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു.”

ഇങ്ങനെ താക്കോലുകളുടെ അധികാരം, നിയമം ഉണ്ടാക്കുവാനും അഴിപ്പാനും ഉള്ള അധികാരം, ഉപദേശിപ്പാനുള്ള അധികാരം, കൂദാശ കൊടുക്കുവാനുള്ള അധികാരം, പാപമോചനാധികാരം ലോകാവസാനത്തോളം പ്രയോഗിക്കുവാൻ ക്രിസ്തുകൂടെയിരുന്നു തന്റെ സഭയെ വഴി നടത്തുന്നു.

യോഹ: 14: 16. “സത്യത്തിന്റെ ആത്മാവ് എന്ന

www.malankaralibrary.com

മറെറാരു കാര്യസ്ഥനെ എന്നേയ്ക്കും നിങ്ങളോടുകൂടെയിരിക്കേണ്ടതിന്നു നിങ്ങൾക്കു തരും” എന്നേക്കും എന്ന പദം സൂക്ഷിക്കുക. ശ്ലീഹന്മാരുടെ മരണംവരെയല്ലാ 'എന്നേക്കും.' പ: ആത്മാവിനെ ക്രിസ്തുവിൻെറ ആത്മാവ് എന്നു "പ്രവൃത്തികളുടെ പുസ്തക"ത്തിൽ പറഞ്ഞിട്ടുണ്ട്.

യോഹ: 14: 26. "പ. ആത്മാവ് എന്ന കാര്യസ്ഥൻ നിങ്ങൾക്കു സകലവും ഉപദേശിച്ചു തരികയും ഞാൻ നിങ്ങളോടു പറഞ്ഞതൊക്കെയും നിങ്ങളെ ഓർമ്മപ്പെടുത്തുകയും ചെയ്യും."

യോഹ: 16: 13. "സത്യത്തിൻെറ ആത്മാവു വരുമ്പോഴോ അവൻ നിങ്ങളെ സകല സത്യത്തിലും വഴി നടത്തും."

ഇങ്ങനെ അപ്പസ്തോലന്മാരുടെ സംഘത്തിന് അഥവാ ആദ്യസഭയ്ക്കു് പ. ആത്മാവിൻെറ സഹായത്താൽ സത്യം പഠിപ്പിക്കുവാൻ കഴിയും എന്നു തീർച്ചയായി. അപ്പസ്തോലന്മാർ അതേ അധികാരത്താൽ പിൻഗാമികളേയും നിയമിക്കുന്ന രീതി അപ്പോസ്തലസഭയിൽ കാണുന്നു. തീത്തോസ്, തീമോത്തെയോസ് എന്നീ മെത്രാന്മാർക്കു പഠിപ്പിക്കുവാനും ഭരിക്കുവാനും പിൻഗാമികളെ നിയമിക്കുവാനും അധികാരം കൊടുക്കുന്നതായി അവർക്കുള്ള ലേഖനങ്ങളിൽ കാണാം. മാർ ഇഗ്നാത്യോസ് (നൂറോനോ), വി. ക്ലീമീസ് എന്നിവരും പൗരോഹിത്യാധികാരം നടത്തുന്നതായും പഠിപ്പിക്കുന്നതായും തങ്ങളുടെ ലേഖനങ്ങളിൽ പറയുന്നുണ്ട്. ഇങ്ങനെ ഇന്നോളം തുടരുന്നു. ഈ അധികാരങ്ങളെല്ലാം സഭയിൽ സ്ഥിരമായിരിക്കുന്നതു പെന്തിക്കോസ്തയിൽ പ: ആത്മാവിനെ സഭയിൽ എന്നേക്കും ഇരിക്കുവാൻ തക്കവണ്ണം അയച്ചുകൊടുത്തുകൊണ്ടാണ്. ഇങ്ങനെ അധികാരം പ്രാപിച്ച അനേകം സഭകൾ ഇല്ല. വിശ്വാസസത്യങ്ങൾ പഠിപ്പിക്കുവാനായി ഒരേ ഒരു സഭ മാത്രമേ ക്രിസ്തു സ്ഥാപിച്ചിട്ടുള്ളു.

www.malankaralibrary.com

മത്താ: 16: 18: "സഭയെ"
മത്താ: 18: 17: "സഭയോട്"
പ്രവൃ: 20; 28: "അവന്റെ സഭയെ"
എഫേ: 1: 23: "ശരീരമായ സഭ്ക്കു"

ഇങ്ങനെ എല്ലാം ഏകവചനമായി സഭയെ ഉദ്ദേശിച്ചു പറഞ്ഞിരിക്കുന്നു. ഏകവിശ്വാസം, ഏകപഠനം, ഏകഭരണം ഇവയില്ലെങ്കിൽ ഏകസഭയാകുകയില്ല. ഈ ഏകസഭയുടെ അനുസരണത്തിൽ വരാത്തപക്ഷം അതു തെററുതന്നെയാണ്. ഇത്രയും സഭയുടെ അധികാരത്തെപ്പററി പറഞ്ഞശേഷം ഇനി സഭയുടെ ഏകത്വത്തെപ്പററി പറയാം.

## സഭയുടെ ഐക്യം

ഒരു പുതിയ പ്രമാണവും ഈ സഭയ്ക്കുകൊടുത്തു. യോഹ: 15: 12. "ഞാൻ നിങ്ങളെ സ്നേഹിച്ചിരിക്കുന്നപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കണം" സ്നേഹത്തിന്റെ ഐക്യം സഭയുടെ ലക്ഷണമായിരിക്കണം. (യോ: 13: 34) യോ. 13: 35. "നിങ്ങൾക്കു തമ്മിൽ തമ്മിൽ സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാരെന്ന് എല്ലാവരും അറിയും."

യോഹ: 17-ാം അദ്ധ്യായത്തിലെ പ്രാർത്ഥനയിൽ സഭാംഗങ്ങളുടെ ഐക്യം പ്രധാനവിഷയമായി കാണുന്നു. 17: 21. "നീ എന്നെ അയച്ചിരിക്കുന്നുവെന്നു ലോകം വിശ്വസിപ്പാൻ അവർ എല്ലാവരും ഒന്നാകേണ്ടതിന്നു." സഭയുടെ ഭിന്നതയല്ല ഐക്യമാണ് ഇവിടെ പ്രധാനമായിരിക്കുന്നതു്. ഈ ഐക്യം ഭരണത്തിലും പഠനത്തിലും പ്രത്യക്ഷമായിക്കാണുന്നതു് ക. സഭയിലത്രേ. ഈ ഐക്യമില്ലാത്തതുകൊണ്ടു മററു ക്രിസ്തീയ വകുപ്പുകൾ പിന്നേയുംപിന്നേയും വിഭജിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ഈ ഭിന്നിപ്പു് എന്റെ മനസ്സിൽ സാരമായ സംശയം ജനിപ്പിച്ചു. അനുഭവത്തിൽ ഏതു സഭ ഏ

www.malankaralibrary.com

കമാണെന്നാണ ഞാൻ നോക്കിയതു്. തത്വങ്ങൾ പലതും പറയാം "ഏട്ടിലേ പശു പുല്ലുതിന്നുകയില്ല."

യോഹ: 17: 11-ൽ പറയുന്നതു് "അവർ നമ്മെപ്പോലെ ഒന്നാകേണ്ടതിന്നു നീ എനിക്കു തന്നിരിക്കുന്ന നിൻെറ നാമത്തിൽ അവരെ കാത്തുകൊള്ളണമേ" എന്നാകുന്നു. മററു സഭകളിൽ ഈ ഐക്യം കാണാത്തതിനാൽ ഏതോ തെററുണ്ടെന്നു തോന്നി. അപ്പസ്തോലന്മാർമാത്രമുള്ള ഐക്യത്തെ ഉദ്ദേശിച്ചല്ല കർത്താവു് ഇങ്ങനെ പ്രാർത്ഥിച്ചതു്. 20-ാംവാ. കാണുക. ലോകാവസാനംവരെയുള്ള വിശ്വാസികളെ ഉൾപ്പെടുത്തിയാണു കർത്താവു പ്രാർത്ഥിക്കുന്നതു്. ഈ ഐക്യം മററുള്ളവർ കണ്ടു തൻെറ ശിഷ്യന്മാരെന്നു ബോധ്യപ്പെടുവാൻ തക്കവണ്ണം ബാഹ്യൈക്യംകൂടി ആയിരിക്കണമെന്നു കർത്താവു് ഉദ്ദേശിച്ചിരിക്കുന്നതിനാലാണു ആത്മാവിലേ ഐക്യം പോരെന്നു മനസ്സിലാകുന്നതു്. 21-ാംവാ. കാണുക. ഈ ഐക്യം കണ്ടു ലോകം വിശ്വസിക്കണം എന്നു പറയുന്നു. ആന്തരികൈക്യംമാത്രം മതിയെന്നുണ്ടായിരുന്ന എൻെറ ധാരണ തെററായിരുന്നെന്നു് ഈ വാക്യംകൊണ്ടറിയാം. ആന്തരികൈക്യംമാത്രം മതിയെങ്കിൽ അതു ലോകം കണ്ടു വിശ്വസിപ്പാൻ മതിയാകയില്ല. ബാഹ്യൈക്യം സഭയിൽ സാദ്ധ്യമല്ലെന്നു ഞാൻ വിചാരിച്ചിരുന്നു. ക. സഭ അതു ഭരണത്തിലും പഠനത്തിലും സാധിച്ചിരിക്കുന്നതു നമുക്കു കാണാം. കർത്താവു് അതിൽ പ്രവർത്തിക്കുന്നുവെന്നുള്ളതിൻെറ ഒരു തെളിവായി ഞാനതു വിശ്വസിക്കുന്നു. ക. സഭയിൽ ആന്തരികവും ബാഹ്യവുമായ ഐക്യം ഉണ്ടു്. അതു നൂററാണ്ടുകളായി നിലനില്ക്കുന്നു. പൊട്ടിപ്പിരിഞ്ഞുപോകുന്നവർ പിന്നേയും ചിതറിക്കപ്പെടുന്നു.

വിശ്വാസത്തിലും ഐക്യത്തിലും ഭംഗം നേരിട്ടാൽ ലോകത്തോടുള്ള സാക്ഷീകരണം ബലഹീനമായിത്തീരും. അങ്ങനെ ഭിന്നിച്ചിരിക്കുന്ന സഭ ക്രിസ്തുവിൻെറ സാക്ഷിയാ

www.malankaralibrary.com

യിരിപ്പാൻ അപ്രാപ്തയാകുന്നു. അതാണു മററുസഭകളുടെ ദൌർബ്ബല്യം. ആത്മീയൈക്യമുണ്ടെന്നു പറയുന്ന പ്രോട്ടസ്റ്റൻറുസഭകൾ പലതും മററു വകുപ്പുകാരെ, അവർ ക്രിസ്തുവിൽ വിശ്വസിച്ചാലും, തിരുവത്താഴത്തിൽ ചേർക്കുകയില്ല. എന്നാൽ ആ പ്രോട്ടസ്റ്റൻറുസഭകളും ഉപദേശൈകരൂപ്യം വേണമെന്നു ശഠിക്കുന്നുണ്ടു്. ആന്തരികൈക്യത്തിൽ ഇരിക്കുന്നവരെന്ന് അവർ ഗണിക്കുന്ന ക്രിസ്ത്യാനികളെ തിരുവത്താഴംമുതലായ ബാഹ്യൈക്യത്തിൻെറ ശുശ്രൂഷകളിൽ മുഴുവനുമായി സംബന്ധിപ്പിക്കാത്തതു് എന്തുകൊണ്ടു്? ക. സഭയിലുള്ള ഏതു റീത്തുകാരും പരസ്പരം ആന്തരികവും ബാഹ്യവുമായ ഐക്യം പാലിക്കുന്നു.

യോഹ: 17: 23: "നീ എന്നെ അയച്ചിരിക്കുന്നുവെന്നും നീ എന്നെ സ്നേഹിക്കുന്നതുപോലെ അവരേയും സ്നേഹിക്കുന്നുവെന്നും ലോകം അറിവാൻ നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നാകേണ്ടതിനു ഞാൻ അവരിലും നീ എന്നിലുമായി അവർ ഐക്യത്തിൽ തികഞ്ഞവരായിരിക്കേണ്ടതിനു തന്നെ."

ഈ വാക്യത്തിൽ പുത്രൻെറ ദിവ്യത്വം ലോകം അറിവാനും വിശ്വാസികളെ പിതാവു സ്നേഹിക്കുന്നുവെന്നു ലോകം അറിവാനും വിശ്വാസികൾ ഒന്നായിരിക്കണമെന്നാണു പറയുന്നതു്. യാ. സഭയിലേക്കു നോക്കിയാൽ പുത്രൻെറ ദിവ്യത്വമോ പിതാവിനു് ആ സഭയോടു സ്നേഹമുണ്ടെന്നോ ലോകം കാണുമോ? എറണാകുളം ഹൈക്കോടതിയിൽ സമുദായക്കേസ്സ് യാ. സഭയിലെ ഇരു കക്ഷികളും വാദിച്ചപ്പോൾ പുറജാതികൾ എന്തു കണ്ടു?

പുതിയനിയമത്തിൽനിന്നും നാം പഠിക്കുന്നതു യേശുക്രിസ്തു സഭയുടെ അദൃശ്യമായ അടിസ്ഥാനമാണെന്നും അപ്പോസ്തലന്മാർ അതിൻെറ ബാഹ്യമായ അടിസ്ഥാനമാണെന്നും ആകുന്നു. (അവരിൽ പത്രോസിനുള്ള സ്ഥാനത്തെപ്പററി

www.malankaralibrary.com

പിന്നീടു പറയാം) അതുകൊണ്ടു് എല്ലാവിശ്വാസികളും ദൈവത്തിൻെറ ഏക സഭയായ തന്നെ അനുസരിക്കണമെന്നു് ആവശ്യപ്പെടുവാൻ അതിന്നു് അധികാരമുണ്ടായി. മനഃപൂർവ്വം സഭയെ ധിക്കരിക്കുന്നവൻ ശിക്ഷാവിധിയിലാകും.

സത്യവിശ്വാസത്തിൻെറ കേന്ദ്രം മിശിഹായുടെ ദൈവത്വമാണു്. ഈ വിശ്വാസത്തോടുകൂടെ പരസ്പരൈക്യവും വേണം.

I തിമോ: 3: 15–ൽ "സത്യത്തിൻെറ തൂണും അടിസ്ഥാനവുമായി ജീവനുള്ള ദൈവത്തിൻെറ സഭയാകുന്ന ദൈവാലയത്തിൽ." എന്നു പറഞ്ഞിരിക്കുന്നതുകൊണ്ടു സഭ സത്യം പഠിപ്പിക്കുന്നതിനുള്ള സ്ഥാപനമാണെന്നും ദൈവം അതിൽ വസിക്കുന്നതിനാൽ സഭയെ ദൈവാലയം എന്നു പറയാമെന്നും കാണുന്നു.

സഭ സത്യം പഠിപ്പിക്കുന്നതിനുള്ള അദ്ധ്യാപികയും ഐക്യം പാലിക്കുന്നതിനു അധികാരമുള്ളവളും ആകുന്നുവെന്നു വേദപുസ്തകത്തിൽനിന്നും ഇനിയും നമുക്കു കാണാം.

വിശ്വാസം എന്ന പദം വിശ്വാസസത്യങ്ങൾ എന്ന അർത്ഥത്തിലാണു ക. സഭ പഠിപ്പിക്കുന്നതെന്നും ക്രിസ്തുവിനോടുള്ള വ്യക്തിപരമായ ബന്ധത്തിനു ശരണം, സ്നേഹം, എന്നീ പദങ്ങൾ ഉപയോഗിക്കുന്നുവെന്നും മുമ്പു ഞാൻ പറഞ്ഞിട്ടുണ്ടു്. പ്രോട്ടസ്റ്റൻറു സഭകളിൽ മേല്പറഞ്ഞവ രണ്ടും വിശ്വാസം എന്ന പദത്തിൽ അടങ്ങിയിരിക്കുന്നു എന്നാണു ഞാൻ മനസ്സിലാക്കിയിരിക്കുന്നതു്. അവരിൽ അഭിപ്രായൈക്യമില്ലാത്തതിനാൽ ഇന്നതാണെന്നു തീർത്തു പറവാൻ പ്രയാസമാണു്.

യൂദാ: 1: 3. "വിശുദ്ധന്മാർക്കു് ഒരിക്കലായിട്ടു ഭരമേല്പിച്ചിരിക്കുന്ന വിശ്വാസത്തിനുവേണ്ടി പോരാടേണ്ടതിനു". വിശ്വാസസത്യങ്ങളേയും ഉൾപ്പെടുത്തിയല്ലേ വിശ്വാസം എന്നു് ഈ വാക്യത്തിൽ പറയുന്നതു്? വിശ്വാസസത്യങ്ങ

www.malankaralibrary.com

ളെക്കൂടാതെ ക്രിസ്തുവിലുള്ള വിശ്വാസം ശരിയാകുന്നതെങ്ങനെ? ക്രിസ്തുവിനെ വിശ്വസിക്കുമ്പോൾ ക്രിസ്തു പഠിപ്പിച്ചിട്ടുള്ളതിനേയും വിശ്വസിക്കാതെയിരിപ്പാൻ സാദ്ധ്യമല്ല.

ഇങ്ങനെയുള്ള വിശ്വാസസത്യങ്ങൾ എത്ര സൂക്ഷ്മമായി പരിരക്ഷിക്കണമെന്നു തീമോത്തെയോസ് എപ്പിസ്കോപ്പായെ വി. പൗലോസ് ഭരമേല്പിക്കുന്നു. II തീമോ: 1: 13. “എന്നോടു കേട്ട പത്ഥ്യവചനം നീ യേശുക്രിസ്തുവിലുള്ള വിശ്വാസത്തിലും സ്നേഹത്തിലും മാതൃകയാക്കിക്കൊൾക.” തീമോത്തെയോസ് മെത്രാനെ വാമൊഴിയായി വി. പൗലോസ് പഠിപ്പിച്ചിട്ടുണ്ടെന്നും അവയിൽ വിശ്വാസവും (വിശ്വാസസത്യങ്ങളും) സ്നേഹവും (ഐക്യവും) പ്രധാനമാണെന്നും കാണുന്നു.

മററുള്ളവരെ പഠിപ്പിക്കുവാൻ വി. പൌലോസിന്റെയോ മററു അപ്പോസ്തലന്മാരുടെയോ പുസ്തകങ്ങളെക്കുറിച്ചു പറയാതെ തീമോത്തെയോസ് തന്നെ പഠിപ്പിക്കണമെന്നു ചുമതലപ്പെടുത്തുന്നു. I തീമോ: 4: 6. “ഇതു സഹോദരന്മാരെ ഗ്രഹിപ്പിച്ചാൽ നീ അനുസരിച്ച വിശ്വാസത്തിന്റെയും സദുപദേശത്തിന്റെയും വചനത്താൽ പോഷണം ലഭിച്ചു യേശുക്രിസ്തുവിന്റെ നല്ല ശുശ്രൂഷകനാകും.” വിശ്വാസസത്യവും സദുപദേശവും അനുസരിപ്പാനുള്ളതാകുന്നുവെന്നും ഇവിടെ കാണാം.

I. തിമോ: 4: 13. “ഞാൻ വരുവോളം വായന, പ്രബോധനം, ഉപദേശം എന്നിവയിൽ ശ്രദ്ധിച്ചിരിക്കുക” ഒരു മെത്രാന്റെ ചില ചുമതലകളാണ് ഇവിടെ പറഞ്ഞിരിക്കുന്നത്. അദ്ദേഹം വാമൊഴിയാൽ പഠിപ്പിക്കണം.

I തിമോ: 4: 16: “നിന്നെത്തന്നേയും ഉപദേശത്തെയും സൂക്ഷിച്ചുകൊൾക. ഇതിൽ ഉറച്ചുനില്ക്കുക. അങ്ങനെ ചെയ്താൽ നീ നിന്നേയും നിന്റെ പ്രസംഗം കേൾക്കുന്നവരേയും രക്ഷിക്കും.” ഇതിൽനിന്ന് എന്തനുമാനിക്കണം? എന്തും ഉ

www.malankaralibrary.com

പദേശിക്കുവാൻ പാടില്ല. അതിൽ സൂക്ഷ്മം വേണം. അപ്പോസ്തോലികോപദേശം വേണം നല്കുവാൻ. അതു വാമൊഴിയാലാണു് അധികവും ലഭിച്ചിട്ടുള്ളതു്. പുതിയനിയമം അന്നു് ഉണ്ടായി വരുന്നതേയുള്ളൂ. "രക്ഷിക്കും" എന്നു തിമോത്തെയോസിനെക്കുറിച്ചു പറയുന്നതു പ്രത്യേകം ശ്രദ്ധിക്കുക. ഭാവികാലപ്രയോഗമാണതു്. അതിനാൽ തീമോത്തെയോസിനും രക്ഷയ്ക്കായി ക്രിസ്തുവിൽ വിശ്വസിച്ചശേഷവും പ്രവർത്തിക്കുവാനുണ്ടെന്നല്ലേ വി. പൗലോസ് പഠിപ്പിക്കുന്നതു്?

II തീമോ: 2: 24–26-ൽ ഉപദേശിക്കുന്നവന്റെ ലക്ഷണങ്ങൾ പറയുന്നു: "ശണ്ഠയിടാതെ എല്ലാവരോടും ശാന്തനും ഉപദേശിപ്പാൻ സമർത്ഥനും, ദോഷം സഹിക്കുന്നവനുമായി അത്രേ ഇരിക്കേണ്ടതു്........സൗമ്യതയോടെ പഠിപ്പിക്കേണ്ടതുമാകുന്നു."

വാമൊഴിയാണു് ഇവിടെയും ഊന്നിപ്പറയുന്നതു്. വേദപുസ്തകം പഠനത്തിന്റെ അടിസ്ഥാനമായിട്ടല്ല നാം ഈ വാക്യങ്ങളിൽ കാണുന്നതു്. സഭതന്നെയാണു പഠിപ്പിക്കേണ്ട ഗുരു. വേദപുസ്തകം അതിനു സഹായകമായി ദൈവം നല്കിയിട്ടുള്ള വളരെ പ്രധാനമായ ഗ്രന്ഥമാണു്. അതിനാൽ സഭയെ വിട്ടിട്ടു വേദപുസ്തകംമാത്രം മതി എന്നുള്ളതു ശരിയല്ല. അതു് അപ്പോസ്തലസഭയിൽ ചിന്തിച്ചിട്ടുള്ള കാര്യവുമല്ല.

ഇനി തീത്തോസിന്റെ ലേഖനം നോക്കാം. തീത്തോസ് ക്രേത്തയിലെ എപ്പിസ്കോപ്പായാണു്. അദ്ദേഹത്തോടു് വി. പൗലോസ് കല്പിക്കുന്നതു് അധികാരത്തോടെ പഠിപ്പിക്കണം എന്നാണു്. തീത്തോ: 2: 15. "ഇതു പൂർണ്ണഗൗരവ

www.malankaralibrary.com

ത്തോടെ പ്രസംഗിക്കുകയും പ്രബോധിപ്പിക്കുകയും ചെയ്യുക." "ഗൗരവത്തോടെ" എന്ന പദം "അധികാരത്തോടെ" എന്നു തർജ്ജമ ചെയ്തും കാണുന്നുണ്ട്.

ഇവയിൽനിന്നെല്ലാം നാം ഗ്രഹിക്കേണ്ടതു സഭ നിശ്ചിതമായ ഒരു വിശ്വാസം ലോകം മുഴുവൻ പഠിപ്പിക്കുന്നതിന് അധികാരവും അവകാശവുമുള്ള ഒരു അദ്ധ്യാപിക ആണെന്നാണ്. തിത്തൊ: 1–9–ഉം കാണുക.

വിശ്വാസത്തിന്റെ പഠിപ്പിക്കലിൽ മററുള്ളവർ അനുസരണമുള്ളവരായിരിക്കണം. റോമർ: 1: 6. "സകല ജാതികളുടേയും ഇടയിൽ വിശ്വാസത്തിന് അനുസരണം വരുത്തേണ്ടതാണ്." റോമ: 16: 24. "സകല ജാതികൾക്കും വിശ്വാസത്തിന്റെ അനുസരണത്തിനായി."

അതിനാൽ, വിശ്വാസം പഠിപ്പിക്കുമ്പോൾ അതിന് അനുസരണം നല്കേണ്ടതു് അത്യാവശ്യമാണ്. ആ അനുസരണം യേശുവിനെ ദൈവപുത്രനെന്നു വിശ്വസിക്കുന്നതുമാത്രമല്ല യേശുമിശിഹാ പഠിപ്പിച്ചതും തന്റെ സഭ തന്റെ അധികാരത്തിൽ പഠിപ്പിച്ചുകൊണ്ടിരിക്കുന്നതുമായ സത്യങ്ങൾ വിശ്വസിക്കുന്നതുമാണ്. ഈ അനുസരണം ഇല്ലാതെ വന്നാൽ സഭ ബാബേൽ ആയിത്തീരും. പഠനത്തിന്റെ ഐക്യം ക. സഭയിലും അതിന്റെ വിവിധത്വങ്ങൾ ഇതരസഭകളിലും കാണാം.

യാ. സഭയിൽ ശരിയായ കാനോൻ ഏതു്? പത്രോസിനു പരമാധികാരം ഉണ്ടോ ഇല്ലയോ? മുടക്കിയാൽ പട്ടംപോകുമോ ഇല്ലയോ? മുതലായ കാര്യങ്ങളിൽ അഭിപ്രായവ്യത്യാ

www.malankaralibrary.com

സമുണ്ടായിരിക്കുകയാണു്. രണ്ടുതരം അഭിപ്രായമുള്ളവരെ ഞാൻ അറിയും.

എബ്രാ: 13: 17. "നിങ്ങളെ നടത്തുന്നവരെ അനുസരിച്ചു കീഴടങ്ങിയിരിപ്പിൻ." വേദപുസ്തകംമാത്രം അനുസരിച്ചാൽപോരാ എന്നു വേദപുസ്തകംതന്നെ ഇവിടെ പറയുന്നുവല്ലോ. സഭയുടെ ഐക്യത്തിനു വിശ്വാസത്തിലും ഭരണത്തിലും അനുസരണം ഉണ്ടായേ മതിയാവൂ. അതു ശക്തിയായി പഠിപ്പിക്കുകയും പ്രായോഗികമാക്കുകയും ചെയ്യുന്ന സഭ ഏതെന്നു നോക്കുക. എഫേ: 12-ൽ വിശ്വാസത്തിന്റെ ഐക്യത്തിൽ എത്തണമെന്നു പറഞ്ഞിരിക്കുന്നു. ഫിലി: 1: 27-ൽ "നിങ്ങൾ ഏകാത്മാവിൽ നിലനിന്നു് എതിരാളികളാൽ ഒന്നിലും കുലുങ്ങിപ്പോകാതെ ഏകമനസ്സോടെ സുവിശേഷത്തിന്റെ വിശ്വാസത്തിനായി പോരാട്ടം കഴിക്കുന്നു," എന്നു പറയുന്നു. അതിനാൽ, പ്രൊട്ടസ്റ്റൻറിസം അനുവദിക്കുന്ന വ്യക്തിയുടെ വിശ്വാസസ്വാതന്ത്ര്യം (Confusion in Faith) അപ്പോസ്തലോപദേശത്തിലെ ഏകത്വം എന്ന മഹത്തത്വത്തെ ശിഥിലീകരിക്കുന്നു. ഈ ഐക്യം ക. സഭയിൽ കാണുന്നതാണു്, അതു് അപ്പസ്തോലസഭയുടെ പിന്തുടർച്ചക്കാരി എന്നു് എന്നെ ബോധ്യപ്പെടുത്തുന്ന ഒരു ന്യായം.

(തുടരും)

Nihil Obstat — Fr. Aurelian, O. C. D.,
*Alwaye, 15-7-1956* — *Rector, Ap. Seminary.*

Imprimatur — † Joseph Attipetty,
*Ernakulam, 18—7—1956* — *Abp., Verapoly.*

Edited by Very Rev. Fr. Zacharias, O. C. D.
Printed by Br. C. F. Joseph at the J. M. Press, Alwaye and published by him, for the S. H. League, at the St. Joseph's Ap. Seminary, Alwaye North. P. O. (S. India.)

www.malankaralibrary.com

MALANKARA

LIBRARY

www.malankaralibrary.com